Shuttle Service.

152. * **MR. P. KOCHUKRISHNA PILLAI:** Will the Government be pleased to state whether they are aware of the necessity of extending the shuttle service from Kottayam to Tiruvalla up to Chengannoor?

MR. N. RAMAMURTI: No. But separate shuttle service has been provided between Kottayam and Chengannoor.

Transport bus accidents.

153. * **MR. K. A. MATHEW:** Will the Government be pleased to state how many Transport bus accidents occurred in 1120 and in 1121 on (*a*) Kottayam-Kottarakara road and (*b*) Kottarakara-Trivandrum road?

MR. N. RAMAMURTI: (*a*) Four accidents in Kottayam-Kottarakara route in 1120 and 4 in 1121.

(*b*) 1 accident on Kottarakara-Trivandrum route in 1120 and 3 in 1121.

ANNOUNCEMENT BY PRESIDENT.

PRESIDENT: Order, Order. The time for questions having elapsed, we will now proceed to the next item. I am glad to inform honourable members of this House that Mr. Ramamurti's visit to Calcutta has been a most successful one and that he has been able to secure about 110 new chassis for buses for use in the Transport Department. It is hoped that they will be shipped very quickly. Arrangements have been made for shipping them from Calcutta and when they come in, it is hoped that the tension on the transport buses will be lessened and over-crowding will be dealt with adequately.

MR. CHAZHIKKATTU JOSEPH: സർ, ബഡ്ജറ്റിനെപ്പറ്റി പറയുന്നതിനു മുൻപായി സംഗതിവശാൽ ഉണ്ടായ വാർത്താപ്രതിവാദത്തെപ്പറ്റിയും അദ്ധ്യക്ഷസ്ഥാനത്തുനിന്നും പറഞ്ഞ മറുപടിയെ പറ്റിയും ഒരുവാക്കു പറയണമെന്നിരിക്കുന്നു. ഇവിടെ ചീഫ് എഞ്ചിനീയരെപ്പറ്റി പല ആരോപണവും കൊണ്ടുവന്നു. അനവധി റോഡുകൾ ഈ രാജ്യത്തു നന്നാക്കിയിട്ടില്ല എന്നുള്ളതു് ഒരു വാസ്തവമാണ്. ചീഫ് എഞ്ചിനീയരുടെ അടുക്കൽ ഒന്നിലധികം സന്ദർഭങ്ങളിൽ ചില റോഡുകാര്യങ്ങളെപ്പറ്റി പറയാൻ ചെന്നപ്പോൾ രാവിലെ ഏഴരമണിക്കും അദ്ദേഹം വലിയ ഫയലുകളുടെ മുൻപിൽ ഇരിക്കുന്നതായിട്ടാണ് കണ്ടതു്. ഞാൻ മീനച്ചിലിലുള്ള ഒന്നിലധികം റോഡു നന്നാക്കുന്ന കാര്യത്തെപ്പറ്റിയും പാലത്തിന്റെ കാര്യത്തെപ്പറ്റിയും മറ്റും ഒരു ലറ്റർ അയച്ചിരുന്നു. അതു് കിട്ടിയ ഉടൻ അദ്ദേഹം കൃത്യദിവസം കൃത്യസമയത്തു അവിടെ വന്നു സ്ഥലം പരിശോധിച്ചു. ചീഫ് എഞ്ചിനീയർ ചെയ്യുന്ന ജോലിയെപ്പറ്റി എനിക്കു യാതൊരു അതൃപ്തിയുമില്ല. അദ്ദേഹം ജനങ്ങൾക്കുവേണ്ടി വളരെ പരിശ്രമിക്കുന്ന ആളാണ്. അദ്ദേഹം ജോലിചെയ്യാൻ സദാ സന്നദ്ധനാണ്.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ അങ്ങ് അദ്ദേഹത്തെകൊണ്ട് ജോലിചെയ്യിക്കുന്നില്ല. ദിവാൻ ജിയാണ് വലിയ കുറക്കാരൻ. എല്ലാദ്രോം പണി മുന്നുമാസത്തിനകം തീർക്കണമെന്നു പറഞ്ഞ് അദ്ദേഹത്തിന്റെ യന്ത്രസാമഗ്രികളേയും, ആളുകളേയുമെല്ലാം അങ്ങോട്ടേയ്ക്കു തള്ളിവിട്ടു. ആയുധങ്ങളും ആളുകളുമില്ലെങ്കിൽ ചീഫ് ഇഞ്ചിനീയർ എന്തുചെയ്യും? കൂടാതെ ഈ മിഥുനം കർക്കടകമാസങ്ങളിൽ ചില കളങ്ങൾ കഴിപ്പിക്കണം എന്നും മറ്റുമുള്ള ചില ഉത്തരവുകളും കൊടുക്കും. കർക്കടകമാസമാണ്, മഴധാരാളമുള്ള സമയമാണ്. ഏതു ഭൂമിയിലും അല്പം കുഴിച്ചാൽ വെള്ളം കിട്ടും. അങ്ങനെയിരിക്കെ ഇപ്പോൾ കളങ്ങൾ കുഴിക്കാൻ ബദ്ധപ്പെടുന്നതെന്തിനാണെന്ന് എനിക്കു മനസ്സിലാകുന്നില്ല. അതിനാൽ ഇതിൽ ചീഫ് ഇഞ്ചിനീയർ കുറക്കാരനല്ല. ദിവാൻജിയുടെ കുറവുകൊണ്ടാണ് ജോലി ചെയ്യിക്കാത്തത്. അതിനാൽ അദ്ദേഹത്തിന്റെ വീഴ്ചയുടെ 90 ശതമാനം അങ്ങുതന്നെ ഏറ്റെടുക്കണം.

എനിക്കിനി പറയാനുള്ളത് ബഡ്ജറിനെപ്പറ്റിയാണ്. ബഡ്ജറിലെ മൂന്നാമത്തെ വരവ് അബ്കാരി ഇനത്തിലാണ്. അബ്കാരി എന്നുപറഞ്ഞ് അണ്ടിതോറും പനയും തെങ്ങും കൂടുതൽ കൂടുതൽ ചെത്തിച്ച് കള്ള് വർദ്ധിപ്പിച്ച് ജനങ്ങളെ കുടിപ്പിച്ചു മുടിപ്പിച്ച് ഗവണ്മെന്റിലേയ്ക്കു പണമുണ്ടാക്കുകയാണ് ചെയ്യുന്നത്. ഇതിൽനിന്നുമാണ് ഗവണ്മെന്റിലേയ്ക്കു കിട്ടിവരുന്ന പ്രധാനമായ ആദായം.

അടുത്ത ആദായവർദ്ധനവ് ഫാറസ്റ്റിൽനിന്നാണ്. സർ, ഞാൻ പറയുന്നതു നേരോ തെറ്റോ കൊല്ലം കഴിയുമ്പോൾ നമ്മുടെ വനത്തിലുള്ള തടി മുഴുവൻ തീരും എന്ന്.

PRESIDENT: Generally speaking, I would deprecate interruptions because I am enforcing the fifteen minute rule rather vigorously and the honourable member has only eight minutes more.

MR. CHAZHIKKATTU JOSEPH: കാർഷിക വിഭവങ്ങളിൽനിന്നും ഇന്നു കിട്ടുന്ന ആദായം മേലും കിട്ടിക്കൊണ്ടിരിക്കുമെന്നു ആശിച്ചുകൂടാ. നാളികേരത്തിനു ആയിരത്തിനു ഇരുന്നൂറു രൂപായിൽനിന്നും ഇപ്പോൾ രൂപയായും, കുരുമുളകിനു കണ്ടിക്കു അറുന്നൂറു രൂപായിൽനിന്നു അറുപതു രൂപയായും വിലവരുന്ന കാലം വന്നു. മറ്റു സാധനങ്ങൾക്കും ഇന്നു കിട്ടിവരുന്ന വിലയിൽനിന്നും കുറവുണ്ടാകും. അന്നു ബഡ്ജറിന്റെ നില അതുകൊണ്ടു മാറിപ്പോകുമെന്നു ഭയപ്പെടേണ്ടിയിരിക്കുന്നു. വേലിയേറ്റസമയത്തു് ഒരു വള്ളക്കാരൻ അവന്റെ വള്ളം കരയ്ക്കടുപ്പിച്ചു ഒരു മരത്തിൽ കെട്ടിയാൽ വെള്ളം കുറയുന്ന സമയത്തു വള്ളി മരത്തിൽ തൂങ്ങിക്കിടക്കും. അതുപോലെയുള്ള ഒരു ബഡ്ജറാണ് ഇന്നു അവതരിപ്പിച്ചിരിക്കുന്നത്. സ്ഥായിയായി രാജ്യത്തെ അഭിവൃദ്ധിപ്പെടു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Chazhikkattu Joseph.]

ത്തികൊണ്ടുപോകുന്നതിനു തക്കവണ്ണമുള്ള വിപുലമായ ഭാവി സ്കീം അടങ്ങിയ ഒരു ബഡ്ജറ്റ് ഇവിടെ തയാറാക്കീട്ടില്ല എന്നാണ് എനിക്കു പറയുവാനുള്ളത്.

സർ, അതുപോലെതന്നെ ഇവിടത്തെ ടോളിലെ പിരിവു നിറുത്തൽചെയ്യുന്നതിനെപ്പറ്റിയും ബൈസിക്കിൾ ടാക്സിനെപ്പറ്റിയും ചിന്തിക്കുമ്പോൾ ഒരു കഥയാണ് എനിക്കോർമ്മ വരുന്നത്. ഒരാൾ ഒരു മുറുക്കാൻപൊതിയും ഒരു പണപ്പൊതിയുമായി വരുന്നു. അതുകണ്ട് കുറെ അളുകൾ ഒത്തുചേർന്നു മുറുക്കാൻപൊതി വാങ്ങി മുറുക്കുതുടങ്ങി. അതേ പറ്റി അയാൾ പരാതിപ്പെട്ടപ്പോൾ മുറുക്കാൻപൊതി തിരിച്ചുകൊടുത്തിട്ട് പകരം പണപ്പൊതി വാങ്ങി. ടോൾ നിറുത്തി വാഹനക്കരം ഏർപ്പെടുത്തിയത് മുറുക്കാൻപൊതി കൊടുത്തു പകരം പണപ്പൊതി വാങ്ങിയതുപോലെയാണ്. ഏകദേശം നൂലക്ഷം രൂപാ ടോൾ ഇനത്തിൽ ഗവണ്മെൻറിന് കിട്ടുമായിരുന്നതു വേണ്ടെന്നുവച്ചിട്ട് പകരം ഫലക്ഷം രൂപാവരുന്ന വാഹനക്കരം ഏർപ്പെടുത്തിയിരിക്കുന്നു.

സർ, ഇനി ഇവിടത്തെ ട്രേനികതിയെപ്പറ്റി പറയാം. ഇവിടത്തെ ട്രേനികതി കൂടുതൽ അല്ലെന്നു അങ്ങു പറയുന്നു; കൂടുതൽ അതെന്നു ജനങ്ങൾ പറയുന്നു. ഇപ്പോൾ ട്രേനികതി സെൻറിനു നാലുകാശായി ഗവണ്മെൻറ് നിയന്ത്രിച്ചു. ഇതുകൂടാതെ അമായനികതിയും ഏർപ്പെടുത്തിയിട്ടുണ്ട്. ഞാൻ ഇന്നലെ പറഞ്ഞതുപോലെ തെങ്ങിൽനിന്നതന്നെ പല ഇനത്തിൽ ഗവണ്മെൻറ് കരം ഈടാക്കുന്നുണ്ട്. ജനങ്ങൾക്കു കിട്ടുന്ന അതായത്തിൽ മുഴുവൻ ഭാഗവും ഖജനാവിൽ അടയ്ക്കുന്നതായിട്ടാണു വന്നിരിക്കുന്നത്. സർ, ഇതു കഷ്ടമാണ്. ഇതു ചെയ്യരുതു്. എനിക്ക് വു മിനിട്ട മാത്രമാണ് ഇനിയുള്ളതു്.

PRESIDENT: No, he has only six minutes more.

MR. CHAZHIKKATTU JOSEPH: എനിക്കു ഇനി നൂ മിനിട്ടേ ഉള്ളൂ. എന്റെ പ്രസംഗം എവിടെ ചെന്നു നിൽക്കുമെന്നു എനിക്കു നേരത്തെ അറിയാം. ഏതായാലും വിദ്യാഭ്യാസത്തെപ്പറ്റി രണ്ടുവാക്കു പറയാമെന്നു വിചാരിക്കുന്നു. പ്രാഥമികവിദ്യാഭ്യാസത്തെപ്പറ്റി ഫിനാൻഷ്യൽ സെക്രട്ടറിയുടെ റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു.

(ഫിനാൻഷ്യൽ സെക്രട്ടറിയുടെ പ്രസംഗം പുറം 28 പാരഗ്രാഫ് 28.)

"The provisions of the free compulsory Primary Education Act of 1121 have already been implemented in the taluks of Thovala and Agasteeswaram and in the Municipal towns of Nagercoil and Trivandrum. The scheme has had a ready response and hearty co-operation from the public in general and from the management of private schools in particular. Buildings, furniture and staff have been freely offered to be released to Government."

LIBRARY ARCHIVES Kerala Legislative Assembly

ഇതു മുഴുവനും കള്ളമാണ്. പച്ചക്കള്ളമാണ്. തിരുവിതാംകൂറിലെ പൊതുജനങ്ങൾ ഇപ്പോഴത്തെ പ്രാഥമികവിദ്യാഭ്യാസപദ്ധതിയെ ഏകകണ്ഠമായി അനുകൂലിച്ചിട്ടില്ല. തിരുവിതാംകൂറിലെ ഇരുപതുലക്ഷം വരുന്ന ക്രിസ്ത്യാനികൾ ഈ പ്രാഥമിക വിദ്യാഭ്യാസത്തെ ശക്തിയായി ആരംഭംമുതൽ എതിർത്തുകൊണ്ടാണിരിക്കുന്നതു്.

PRESIDENT: That is not correct. Although I do not want to imitate and use the same expression, I am tempted to say that that is not correct. As is well-known, the C. M. S. and the Salvation Army have come in and there is every reason to think that other Christian denominations will come in.

MR. CHAZHIKKATTU JOSEPH: ഒരു പക്ഷേ സി. എം. എസ്സ്-കാരും, എൽ. എം. എസ്സ്-കാരും, വന്നിരിക്കാം. അതിനു എനിക്കു പറയാനുള്ളതു് ഇതാണ്. യേശുക്രിസ്തുവിനു 12 ശിഷ്യന്മാരുണ്ടായിരുന്നു. അതിൽ ഒന്നു് യൂദാസാണ്. യൂദാസും ക്രിസ്തുവിന്റെ ഒരു ശിഷ്യനാണ്. എൽ. എം. എസ്സ്-കാരേയും, സി. എം. എസ്സുകാരേയും ഒരുപോലെ വിചാരിച്ചാൽ മതി. സർ, തിരുവിതാംകൂറിലെ ഇരുപതുലക്ഷം ക്രിസ്ത്യാനികൾ എതിർക്കുന്നതുപോലെ തിരുവിതാംകൂറിലെ മുസ്ലീങ്ങളും, ക്രിസ്ത്യാനികളും, ഈഴവരും, നായന്മാരും മറ്റും ചേർന്നുള്ള ഇവിടത്തെ രാഷ്ട്രീയസംഘടനയായ സ്റ്റേറ്റ് കോൺഗ്രസ്സും ഈ പ്രാഥമിക വിദ്യാഭ്യാസത്തെ എതിർത്തിട്ടുണ്ടു്. സർ, തിരുവിതാംകൂറിന്റെ ഒരറ്റം മുതൽ മറ്റേ അറ്റംവരെയുള്ള എല്ലാ ജനങ്ങളും ഈ പ്രാഥമിക വിദ്യാഭ്യാസപദ്ധതിയെ എതിർത്തിട്ടുണ്ടു്. അങ്ങു പറയുന്ന പത്തുകൊല്ലത്തിനകം തിരുവിതാംകൂറിൽ പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതവും സൌജന്യവും ആക്കാൻ സാധിക്കുമെന്നാണ്. അതു് അങ്ങയ്ക്കു സാധിക്കുകയില്ല എന്നു ഞാൻ പറയുന്നു. എന്തുകൊണ്ടു സാധിക്കുകയില്ല എന്നു പറയാം തിരുവിതാംകൂറിൽ അഞ്ചുവയസ്സിനും പത്തു വയസ്സിനും ഇടയ്ക്കു പ്രായമുള്ള കുട്ടികൾ ഏകദേശം 12 ലക്ഷമാണു. ഇവർക്കു് പഠിക്കുന്നതിനു ഒരു സ്കൂളിൽ 2 ക്ലാസ്സും ഒരു ക്ലാസ്സിൽ 40 കുട്ടികളുമെന്നുള്ള കണക്കനുസരിച്ചു് അയ്യായിരം പള്ളിക്കൂടങ്ങളും അതിൽ ഇരുപത്തയ്യായിരം അദ്ധ്യാപകന്മാരും വേണം. അയ്യായിരം പള്ളിക്കൂടങ്ങൾക്കു ഒരു പള്ളിക്കൂടത്തിനു് മൂവായിരം രൂപാവച്ചു കണക്കാക്കിയാൽ നൂറിരുപതുലക്ഷത്തോളം രൂപാ പള്ളിക്കൂടം നിർമ്മിക്കുന്ന ചിലവിനു വേണ്ടിവരും. പിന്നെ ഇരുപത്തയ്യായിരം അദ്ധ്യാപകന്മാർ വേണം. ഒരദ്ധ്യാപകനു് 30—40 രൂപ ശമ്പളം വച്ചു നോക്കിയാൽ അവർക്കു കൊടുക്കുന്നതിനു ഏഴര ലക്ഷം രൂപായോളം വേണ്ടിവരും. ഇതുകൂടാതെ ഇനി കുട്ടികളുടെ കാര്യം നോക്കാം.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Chazhikattu Joseph.]

കുട്ടികൾക്കു പുസ്തകവും വസ്ത്രവും ഉച്ചഭക്ഷണവും കൊടുക്കണം എന്നു റിപ്പോർട്ടിൽ ഉണ്ട്. അങ്ങനെ നാലരലക്ഷം കുട്ടികൾക്കു വസ്ത്രവും പുസ്തകവും ദാനം ചെയ്യുന്നു എങ്കിൽ ഒരു കുട്ടിക്ക് കുറഞ്ഞതു് അഞ്ചു രൂപാവച്ചു നോക്കിയാൽ ഇരുപത്തിരണ്ടരലക്ഷം രൂപവേണ്ടിവരും. ഇനി ഉച്ചഭക്ഷണക്കാര്യം നോക്കാം. ഒരു കുട്ടിക്കു ഒരു വർഷം, ഇരുന്നൂറു ദിവസത്തെ ഉച്ചഭക്ഷണത്തിനു ഒരു ഭക്ഷണത്തിനു ർ അണ വച്ചു് അടുത്താൽ ഒരു രൂപാപ്രകാരം നാലരലക്ഷം കുട്ടികൾക്കു ഇരുന്നൂറാറി ഇരുപത്തിഅഞ്ചുലക്ഷം രൂപാ ഉച്ചഭക്ഷണത്തിനു വേണ്ടി ചിലവുചെയ്യേണ്ടിവരും. ഇങ്ങനെ എല്ലാംകൂടി ഉദ്ദേശം നാന്നൂറുലക്ഷം രൂപാ തൽക്കാലം ചിലവാക്കിയാൽ മാത്രമേ ഈ പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതവും സൗജന്യവും ആക്കാൻ സാധിക്കുകയുള്ളൂ. ഇതയും വമ്പിച്ച തുക ചിലവാക്കാൻ സാധിക്കാത്ത ഗവണ്മെൻറിനു് ഈ വിദ്യാഭ്യാസപദ്ധതി നടപ്പിൽവരുത്താൻ സാധിക്കുകയില്ല. അതാണു് ഈ വിദ്യാഭ്യാസപദ്ധതി തിരുവിതാംകൂർ ഗവണ്മെൻറു നടപ്പിലാക്കാൻ തയ്യാറല്ല എന്നും പ്രാഥമികവിദ്യാഭ്യാസം ഈ രാജ്യത്തു നടത്താൻ സാധിക്കുകയില്ലെന്നും ഞാൻ പറയുന്നതു്. എല്ലാ ജനങ്ങളുടേയും പിൻതുണയുണ്ടെങ്കിൽ മാത്രമേ അതു് സാധിക്കുകയുള്ളൂ.

PRESIDENT: Therefore the honourable member's idea is that primary education should not be made compulsory in the State?

MR. CHAZHIKKATTU JOSEPH: അല്ല സർ, ഗവണ്മെൻറിൽനിന്നും നേരിട്ടേറ്റു നടത്തുന്ന സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു് ഒരു രൂപവീതം ശമ്പളം കൊടുക്കുവാൻ ഗവണ്മെൻറു തയാറായിരിക്കെ അതുപോലെ മറ്റു സമുദായക്കാർ നടത്തുന്ന പ്രൈവറ്റു മാനേജ്മെൻറുകൾക്കു് സ്കൂൾ നടത്താൻ ഉള്ള സ്വാതന്ത്ര്യം വിട്ടുകൊടുക്കാൻ പാടില്ലാത്തതു എന്തുകൊണ്ടാണു്?

PRESIDENT: In order to make the position clear, the honourable member's argument is that instead of Government paying Rs. 25 to the primary school teachers, the same should be given to the private management to be paid to the teachers. Whether Government pay the Rs. 25—to the teachers direct or hand it over to the private management, the cost is the same.

MR. CHAZHIKKATTU JOSEPH: അങ്ങനെയല്ല ഞാൻ പറയുന്നതു്. പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതവും സൗജന്യവുമായി നടത്താൻ ഉള്ള കെട്ടിടം സമുദായക്കാരും ജനങ്ങളും ഉണ്ടാക്കിത്തരുന്നു. അപ്പോൾ അതിൽ നൂറ്റിനാൻപതുലക്ഷം രൂപായിൽപരം ഗവണ്മെൻറു ഉണ്ടാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ പ്രൈവറ്റ് ഏജൻസികൾ ഏറ്റെടുത്തു നടത്തുന്നതിനെ സംബന്ധിച്ചാണു്. ഇപ്പോൾ അദ്ധ്യാപകന് കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നതുപോലെയുള്ള ഇരുപത്തഞ്ചുരൂപ ഒരു ക്ലാസിനു ഗ്രാന്റു തരണം എന്നു ഞങ്ങൾ അവശ്യപ്പെട്ടിട്ടില്ല. ഞങ്ങൾക്കു ന്യായമായ ഗ്രാന്റു കിട്ടിയാൽ മതി. ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന ഏഴോ എട്ടോ രൂപ ന്യായമായി വരത്തിപ്പിച്ചുകിട്ടിയാൽ മതി. എത്ര രൂപായാണ് കൊടുക്കേണ്ടതു് എന്നു നിശ്ചയിക്കുന്നതിനുള്ള അന്തിമതീർപ്പിനു് ഞങ്ങൾ തയാറാണു്. അതിനു ഞങ്ങൾ തയാറില്ല എന്നു പറയുന്നതു തെറ്റാണു്. ആ രൂപത്തിൽ ഭീമമായ തെറ്റിദ്ധാരണ ഗവണ്മെന്റിനുണ്ടു്. ഗവണ്മെന്റു നടത്തുന്ന രീതിയിൽ പ്രൈവറ്റു് വിദ്യാലയങ്ങൾ നടത്താൻ ഞങ്ങൾ തയാറായിരിക്കെ, ഗവണ്മെന്റു കരിക്കുലവും, സ്കീമും അനുസരിച്ചു് സ്കൂൾ നടത്താൻ സഹകരിക്കാതെയിരിക്കുന്നതു് സാധിക്കയില്ല എന്നാണു് ഞാൻ പറയുന്നതു്.

സർ, അങ്ങു പരിശോധിച്ചുനോക്കണം. ഈ "ഠ"യേക്കൂടി വിട്ടുള്ള തിരുവനന്തപുരത്തുതന്നെ അഞ്ചുവയസ്സിനും പത്തുവയസ്സിനുമധ്യേ പ്രായമുള്ള കുട്ടികൾ എല്ലാം ഗവണ്മെന്റു സ്കൂളുകളിലാണോ പഠിക്കുന്നതു്? അവയിൽ ഭൂരിപക്ഷവും പഠിക്കുന്നതു പ്രൈവറ്റു് വിദ്യാലയങ്ങളിലാണു്.

ഇനി വേറൊൽകാര്യം പറയാം. ഒന്നാംക്ലാസ്സിൽ കുട്ടികൾക്കു പഠിക്കുന്നതിനായി ഒന്നാംപാഠം ഇതുവരെ ഉണ്ടാക്കികൊടുക്കാൻ ഗവണ്മെന്റിനു സാധിച്ചിട്ടില്ല. ഞങ്ങളുടെ നാട്ടിൽ ഈ ഒന്നാം പാഠം ഇതുവരെ വന്നിട്ടില്ല. കുട്ടികൾക്കു പഠിക്കുന്നതിനു് ഒരു ഒന്നാംപാഠം ഉണ്ടാക്കാൻ സാധിക്കാതെയിരിക്കുന്ന ഗവണ്മെന്റാണോ പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതവും, സൗജന്യവും ആയി രാജ്യമൊട്ടുക്കു നടത്താൻപോകുന്നതു്? ഇതൊക്കെ പറഞ്ഞാലും ഞങ്ങൾ ഒരു ഒത്തുതീർപ്പിനു് തയ്യാറാണു്. മേലാൽ ഒത്തുതീർപ്പിനു് ഞങ്ങൾ തയാറില്ല എന്നു് അങ്ങു പറയരുതു്. ഒരു ഒത്തുതീർപ്പിനുവേണ്ടി ക്രിസ്ത്യാനികൾ തയാറാണു്. അതിനുള്ള മാർഗ്ഗവും സഹകരണവും മറ്റും നിർദ്ദേശിക്കേണ്ടതു് അങ്ങാണു്.

(Mr. V. Gangadharan Nair stood up,

MR. CHAZHIKKATTU JOSEPH: അവിടെ ഇരിക്കണം.

PRESIDENT: Assault either verbal or pliysical on fellow—members is not permitted.

LIBRARY ARCHIVES Kerala Legislative Assembly

MR. CHAZHIKKATTU JOSEPH: I am sorry. ഞങ്ങളുടെ മതാദ്ധ്യക്ഷന്മാരെ വഴിപിഴച്ച വൈദീകർ എന്നുപറഞ്ഞു് പഴിച്ചുതള്ളിയിരിക്കുമ്പോൾ അവർ എങ്ങിനെയാണു് അങ്ങയെ സമീപിക്കുക. ഞങ്ങൾ ഞങ്ങളുടെ സങ്കടങ്ങൾ മഹാരാജാവുതിരുമനസ്സിനെ ഉണർത്തിക്കുന്നതിനായി ഒരു മെമ്മോറാണ്ടം സമർപ്പിക്കാമെന്നുവച്ചപ്പോൾ അതു സ്വീകരിക്കയില്ല. അങ്ങനെ മഹാരാജാവു തിരുമനസ്സുകൊണ്ടു നേരിട്ടു സ്വീകരിക്കുവാൻ പാടില്ലാ എന്നു് അങ്ങു പറയുന്നു. ഞങ്ങൾ ഒരു ഒത്തുതീർപ്പിന് തയാറാണു്. അങ്ങു് വിളിക്കണം. അങ്ങു് ഒരു ഒത്തുതീർപ്പിന് തയാറില്ല എന്നാണു് ഞങ്ങൾ പറയുന്നതു്. ക്രിസ്ത്യാനികൾ ഒത്തുതീർപ്പിന് തയാറാണു്. ക്രിസ്ത്യാനികൾ ഒത്തുതീർപ്പിന് തയാറില്ല എന്നു അങ്ങു് രാജ്യത്തിനു് പുറത്തും അകത്തും പറയുന്നു. ന്യായമായ വിധത്തിൽ ഞങ്ങളുടെ അഭിമാനത്തിനു ഭംഗം വരുത്താതെയും ഗവണ്മെൻറിന്റെ അഭിമാനത്തിനു ക്ഷതം വരുത്താതെയും ഉള്ള ഒത്തുതീർപ്പിന് ഞങ്ങൾ തയാറാണു്. മേലാൽ അങ്ങു് അകത്തും പുറത്തും ക്രിസ്ത്യാനികൾ ഒത്തുതീർപ്പിന് തയാറില്ല എന്നു പറയരുതു്.

ഗവണ്മെൻറു നിശ്ചയിക്കുന്ന രൂപകൽപ്പനയും ചട്ടങ്ങൾക്കും വിധേയമായും ഞങ്ങളുടെ കുട്ടികളെ മതം പഠിപ്പിക്കുന്നതിനുള്ള സകേയ്ത്തോടുകൂടിയും പ്രൈവറു് ഏജൻസികൾക്കു പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു നടത്തുന്നതിനുള്ള അവകാശം ഉണ്ടായിരിക്കണമെന്നു മാത്രമാണു് ഞങ്ങളുടെ വാദം.

MR. V. SRIDHARAN PILLAI : അതിലേക്കു സർക്കാരിൽനിന്നും പണം ആവശ്യപ്പെടുകയില്ലേ?

MR. CHAZHIKKATTU JOSEPH : ചോദ്യം മനസിലായില്ല.

MR. V. SRIDHARAN PILLAI : നിങ്ങളുടെ ഹിതംപോലെയും സൗകര്യംപോലെയും നിങ്ങളുടെ മതം പഠിപ്പിക്കാൻവേണ്ടിയും പള്ളിക്കൂടങ്ങൾ സ്ഥാപിക്കുന്നതിലേക്കു ഗ്രാൻറായിട്ടോ മറ്റേതെങ്കിലും വിധത്തിലോ നിങ്ങൾ ഗവണ്മെൻറിൽനിന്നും പണം ആവശ്യപ്പെടുകയില്ലേ എന്നാണു എന്റെ ചോദ്യം.

MR. CHAZHIKKATTU JOSEPH : ഞങ്ങളുടെ ഇഷ്ടംപോലെയും സൗകര്യംപോലെയും പള്ളിക്കൂടങ്ങൾ സ്ഥാപിച്ചുനടത്തുവാൻ ഞങ്ങളെ അനുവദിക്കണമെന്നല്ല ഞങ്ങൾ പറയുന്നതു്. സർക്കാർ നിശ്ചയിക്കുന്ന രൂപം അനുസരിച്ചും അവർ അപ്പപ്പോൾ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കു വിധേയമായും എഡ്യൂക്കേഷൻകോഡു അനുസരിച്ചും മാത്രം പള്ളിക്കൂടങ്ങൾ നടത്തിയാൽ മതി. എന്നാൽ അതിലേക്കു സർക്കാരിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

പണം അവശ്യപ്പെട്ടന്നതു വെറും ന്യായം മാത്രമാണ്. സർക്കാർ പള്ളിക്കൂടങ്ങളിലെ ഒരദ്ധ്യാപകനു ഇരുപത്തിയഞ്ചോ മുപ്പതോ രൂപാ ശമ്പളം കൊടുക്കാൻ തയാറുള്ള നിലക്ക് അതിൽ വളരെക്കുറഞ്ഞ ഒരു സംഖ്യ പ്രൈവറ്റ് ഏജൻസികൾ നടത്തുന്ന പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാർക്കു ഗ്രാൻറായി ഗവണ്മെൻറ് കൊടുക്കുന്നതിൽ ... ...

PRESIDENT: The honourable member has two minutes more.

MR. CHAZHIKKATTU JOSEPH : സർ, എന്റെ പ്രസംഗത്തിനിടയ്ക്കു പല ചോദ്യങ്ങൾ ചോദിച്ചതുകൊണ്ടു എന്റെ സമയം അങ്ങിനെ കുറെ നഷ്ടപ്പെട്ടുപോയി.

സർ, ഒരു ഒത്തുതീർപ്പിനു ഗവണ്മെൻറും ക്രിസ്ത്യാനികളും തയ്യാറാകാത്തപക്ഷം സംഗതികൾ വളരെ കുഴപ്പത്തിലാകും. ഭാവി അപകടകരമാകും. സർ, ക്രിസ്തീയസമുദായത്തിന്റെ ഇതു സംബന്ധിച്ചുള്ള അഭിപ്രായഗതി എന്താണെന്നു ഞാൻ ഇവിടെ പറയാം. അവർ എപ്പോഴും ഒരു ഒത്തുതീർപ്പിനു തയ്യാറാണ്. ക്രിസ്തീയസമുദായത്തിനു സ്കൂൾ നടത്തുകയെന്നുള്ളതു അത്യന്താപേക്ഷിതമായ ഒരു കാര്യമാണ്. അതിനുവേണ്ടി ഡസൻകണക്കിനു മെത്രാന്മാരും ശതക്കണക്കിനു വൈദികരും സഹസ്രക്കണക്കിനു യുവാക്കന്മാരും തീയിലും വെള്ളത്തിലും ചാടാനും തയ്യാറാണ്. രാജ്യത്തിന്റെ പൊതുവായ സമാധാനത്തിനും സംതൃപ്തിക്കും ഏറ്റവും വിഘാതമായി തീരത്തക്കതരത്തിൽ രാജ്യത്തു വലിയ കലാപങ്ങളും കുഴപ്പങ്ങളും, സർ, അങ്ങയുടെ ഇപ്പോഴത്തെ വിദ്യാഭ്യാസനയംമൂലം ഉണ്ടാകുവാനിടയുണ്ട്. സർ അങ്ങയുടെ കാലത്തു അതുണ്ടാകരുതു്, ഉണ്ടാക്കുകയുമരുതു്.

MR. M. K. NILAKATAN : നിങ്ങളുടെ യഥാർത്ഥത്തിലുള്ള സങ്കടങ്ങൾ എന്താണെന്നു പറയാമോ?

MR. CHAZHIKKATTU JOSEPH : പറയാം. ഞങ്ങൾക്കു സ്വന്തം വിദ്യാലയങ്ങൾ ഉണ്ടാക്കി നടത്താൻ സ്വാതന്ത്ര്യമുണ്ടായിരിക്കണം. മാതാപിതാക്കൾക്കു അവരുടെ കുട്ടികളെ അവർക്കു ഇഷ്ടമുള്ള സ്കൂളുകളിൽ അയക്കുന്നതിനു സ്വാതന്ത്ര്യംവേണം. ക്ലാസുസമയത്തിനു പുറത്തു ഞങ്ങളുടെ കുട്ടികളെ മതാദ്ധ്യാപനം ചെയ്യിക്കുന്നതിനു ഞങ്ങൾക്കു ഞങ്ങളുടെ സ്കൂളുകൾ ഉപയോഗിക്കണം. ഞങ്ങൾക്കു ന്യായമായ ഗ്രാൻറു അവകാശമായി ലഭിക്കണം. ഇതുമാത്രമാണ് ഞങ്ങൾ അവകാശപ്പെടുന്നതു്.

MR. V. SRIDHARAN PILLAI : നിങ്ങൾക്കു സ്വന്തം വിദ്യാലയങ്ങൾ നടത്തുന്നതിനു ഗവണ്മെൻറു പണം വേണോ?

LIBRARY ARCHIVES Kerala Legislative Assembly

MR. CHAZHIKKATTU JOSEPH : ഗവണ്മെൻറ് നിർദ്ദേശിക്കുന്ന കരിക്കുലം അനുസരിച്ച് ഗവണ്മെൻറ നിർദ്ദേശിക്കുന്ന രീതിയിലുള്ള അദ്ധ്യാപകരെ വച്ച് കുട്ടികളെ പഠിപ്പിക്കുന്നതിന ഞങ്ങൾക്ക ഗ്രാൻറ കിട്ടാൻ അവകാശമുണ്ട്. മതം പഠിപ്പിക്കുന്നതിന ഞങ്ങൾക്ക ഗ്രാൻറ ആവശ്യമില്ല.

അതുകൊണ്ട ഒരു സമാധാനപരമായ അന്തരീക്ഷം സൃഷ്ടിക്കുവാൻ അങ്ങു മുന്നിട്ടനിന്ന പ്രവർത്തിക്കണമെന്നാണ് എനിക്ക പറയുവാനുള്ളത്. ഞങ്ങൾ അസഹ്യമായ നിലയിൽ ഇതു സംബന്ധിച്ച് വേദനപ്പെടുന്നുണ്ടെന്നു അങ്ങു മനസിലാക്കണം. ഞങ്ങളിപ്പോൾ വളരെ സമാധാനമായി കഴിഞ്ഞുകൂടുന്നു. പക്ഷെ, ഉറങ്ങിക്കിടക്കുന്ന ഞങ്ങളെ വടി എടുത്ത അടിച്ച ഉണർത്തരുത്. ഞങ്ങളുടെ അഭിമാനത്തിനു കേട വരാൻ ഞങ്ങൾ സമ്മതിക്കുകയില്ല. ഗവണ്മെൻറിൻെറ അഭിമാനത്തിനു കേടുവരണമെന്നു ഒരിക്കലും ഞങ്ങൾ ആഗ്രഹിക്കുന്നുമില്ല. ഇരുകൂട്ടരുടേയും അഭിമാനത്തിനു ഭംഗം വരാത്ത വിധത്തിൽ ഒരു ഒത്തുതീർപ്പു ഉണ്ടാക്കണമെന്നാണ് എനിക്ക വീണ്ടും പറയുവാനുള്ളത്.

ഫിനാൻഷ്യൽ സെക്രട്ടറിയുടെ പ്രസംഗം എട്ടാംപേജിൽ ഇങ്ങനെ പറയുന്നു.

"Travancore is pre-eminently agricultural and the village had been the pulse of life in this land from time immemorial.

ഗവണ്മെൻറിനുവേണ്ടി ഇപ്പോഴെങ്കിലും ഫിനാൻഷ്യൽ സിക്രട്ടറി ഇങ്ങനെ പറഞ്ഞതുകൊണ്ട് എനിക്കു അല്പം ആശ്വാസം തോന്നുന്നുണ്ട്. പക്ഷെ, ഫിനാൻഷ്യൽ സെക്രട്ടറി എത്രതന്നെ പറഞ്ഞാലും നാട്ടിലെ 80 ശതമാനം ജനങ്ങൾക്കും കൃഷിസംബന്ധമായി യാതൊരു ആനുകൂല്യവും ലഭിക്കുന്നില്ലെന്നു ഞാൻ പറഞ്ഞാൽ അതു ഒരു വെറും പരമാർത്ഥം മാത്രമാണ്. ഗവണ്മെൻറ ഇപ്പോൾ അനുവർത്തിച്ചുവരുന്ന നയംകൊണ്ട ജനങ്ങൾ പ്രായേണ കർഷകവൃത്തിയിൽനിന്നും വിരമിച്ചുവരുന്നു. കാർഷികാഭിവൃദ്ധിക്കുവേണ്ടി ഗവണ്മെൻറ ഇപ്പോൾ ചെയ്തുവരുന്നതു എന്തെല്ലാമാണ്? കർക്കടകം ആരംഭത്തിലാണ് ഫാം കുളം കുഴിക്കാൻ പറയുന്നതു. ഒരു തുമ്പ എടുത്ത എവിടെ വെട്ടിയാലും വെള്ളം കിട്ടുന്ന ആ കാലത്തു, അഹോരാത്രം മഴ പെയ്തുകൊണ്ടിരിക്കുന്ന സമയത്തു, കുറെ കുളങ്ങൾ കുഴിപ്പിക്കുന്നതുകൊണ്ട് കൃഷിക്ക എന്തഭിവൃദ്ധിയാണ് ഉണ്ടാകുവാൻ പോകുന്നതു?

PRESIDENT : The honourable member will finish.

MR. CHAZHIKKATTU JOSEPH : സർ, എനിക്ക അഞ്ചു മിനിട്ടുകൂടി കിട്ടിയാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT : I quite realise that the honourable member has got a great deal to talk about, but once I give five more minutes to him I shall have to do so to other honourable members also. However, I have no objection to give you a little more time provided you finish soon.

MR. CHAZHIKKATTU JOSEPH : സർ, ഞാൻ വളരെ ചുരുക്കിപ്പറയാം. കൃഷി അധഃപതിപ്പിക്കുന്ന അനേകം പ്രവൃത്തികൾ ഗവൺമെൻറു ചെയ്തു വരുന്നുണ്ട്. കപ്പനിയന്ത്രണം ഏർപ്പെടുത്തി. തൻനിമിത്തം കപ്പ കൃഷി പാടേ നശിച്ചു. ആ നിയന്ത്രണം അൽപ്പം ഒന്നു ഭേദപ്പെടുത്തിയപ്പോൾ ജനങ്ങൾ കപ്പകൃഷി കുറെശ്ശ ചെയ്യുവാൻ തുടങ്ങി. അതുപോലെതന്നെ ഇപ്പോഴത്തെ നെല്ലു വാങ്ങുന്ന നയവും കൃഷിക്കു ദോഷമാണ്. ഒരു പറ നെല്ലു വിളയിച്ചു എടുക്കുവാൻ ഒരു കൃഷിക്കാരനു ഒന്നര മുതൽ രണ്ടു രൂപാവരെ ചെലവു ചെയ്യണം. ആ നെല്ലു് ഗവണ്മെൻറിനു കൊടുത്താൽ ഒന്നര രൂപാ മാത്രമേ അവനു ലഭിക്കൂ. നെല്ലു് ഗവണ്മെൻറിനു കൊടുക്കണമെന്നുള്ളതു നിർബ്ബന്ധമാണ്. എന്നാൽ അവനു നെല്ലു ആവശ്യമുണ്ട്. ആവശ്യമുള്ള നെല്ലു് ഒന്നേമുക്കാൽ രൂപക്കാണ് ഗവണ്മെൻറിനോടു അവൻ വാങ്ങുന്നതു്. ഗവണ്മെൻറിൻറെ ഈ നയംമൂലം ജനങ്ങൾ മിക്കവാറും നെൽകൃഷി ചെയ്യുന്നതിൽ നിരുത്സാഹരായിരിക്കുകയാണ്. സർ, ഞാൻ പറയുന്നു, കുട്ടനാട്ടിൽ അടുത്ത കൊല്ലത്തിൽ മിക്കവാറും അനേകം സ്ഥലങ്ങൾ നെൽകൃഷി ചെയ്യാതെ വെറുതെ ഇട്ടേക്കുന്നതായി അങ്ങേക്കു അനുഭവപ്പെടാൻ കഴിയുമെന്നു്. അങ്ങയുടെ അറിവിനുവേണ്ടിയും രാജ്യരക്ഷയ്ക്കുവേണ്ടിയും ഞാൻ ഇതു മുൻകൂട്ടി പറയുന്നതാണ്. നെല്ലിനു വിലകൂട്ടി വാങ്ങിക്കുകയും കൃഷിക്കാരൻറെ ആവശ്യത്തിൽ കഴിഞ്ഞു അധികം വരുന്ന നെല്ലുമാത്രം വിലയ്ക്കുവാങ്ങിച്ചാൽ മതി എന്ന വ്യവസ്ഥ ചെയ്യുകയും ആണ് ഇതിനു പരിഹാരമായി ഗവണ്മെൻറു ഉടനടി ചെയ്യേണ്ടതു്.

അടുത്തതായി എനിക്കു പറയുവാനുള്ളതു മുട്ട നിയന്ത്രണത്തിനേപ്പറ്റിയാണ്. മുട്ട വിറ്റു പല സാധുക്കളും ഇവിടെ ജീവിച്ചുപോരുന്നു. അതിനു നിയന്ത്രണം വന്നതോടുകൂടി മുട്ട വിൽക്കുവാൻ നിവൃത്തിയില്ലാതെ വളരെപ്പേർ വിഷമിക്കുന്നുണ്ട്.

അടുത്തതു വാഴവെട്ടാണ്. അതിൻറെ ദോഷം ഗവണ്മെൻറ് ഏറെക്കുറെ മനസ്സിലാക്കിയെന്നു തോന്നുന്നു. അനേകം പേർ ഏത്തക്കായും മറ്റും ഉപയോഗിക്കുവാൻ പര്യാപ്തമാകത്തക്ക നിലയിൽ യാതൊരു നിയന്ത്രണവും ഏർപ്പെടുത്താതെ വാഴകൃഷി നടത്തുവാൻ ജനങ്ങളെ അനുവദിക്കേണ്ടതായിരുന്നു. എന്നാൽ ഈ തെറ്റു ഗവണ്മെൻറു പെട്ടെന്നു മനസിലാക്കുകയും വാഴവെട്ടു തൽക്കാലത്തേക്കു നിറുത്തിവയ്ക്കു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Chazhikkattu Joseph.]

കയും ചെയ്തതുകൊണ്ട് ഇപ്പോൾ ജനങ്ങൾക്കു കുറെയെല്ലാം ഏത്തക്കാ കള്ളം മറ്റു പഴങ്ങളും ഉപയോഗിക്കുവാൻ കിട്ടുന്നുണ്ട്. ഇങ്ങനെ ജന ങ്ങളുടെ കാർഷികമായ താല്പര്യങ്ങളെ അടിച്ചമർത്തുക്കനിലയിൽ ഗവണ്മെൻറു ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങളും എല്ലാംതന്നെ ഉടനടി പിൻവലിക്കേണ്ടതാണ്.

അടുത്തതു മത്സ്യവ്യവസായമാണ്. അതിനും ഗവണ്മെൻറു നിയന്ത്രണം ഏർപ്പെടുത്തി. സർ, ഇവിടെ ഇരിക്കുന്നവരിൽ ആരെ ങ്കിലും, പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരിൽ ആരെങ്കിലും, അറേബ്യൻ കട ലിൽ മത്സ്യം പിടിക്കാൻ പോയിരുന്നു എങ്കിൽ ഈ മാതിരി യുള്ള നിയന്ത്രണം ഒരിക്കലും ഏർപ്പെടുത്തുകയില്ലായിരുന്നു. (President's Bell.)

SRY. T. NARAYANI AMMA: Sir, the budget presented by the Financial Secretary for 1122 may be said to mark a new and noteable epoch in the financial administration of the State. The speech made by him in presenting the budget and the budget memorandum are documents of outstanding importance claiming special attention this year. Even more important, Sir, is the lucid and inspiring statement with which you have elucidated the most important features of the budget and explained the policy of Government. I say advisedly that the budget marks a new epoch in respect of the finances not only because of the fact that the revenue which is estimated at Rs. 820·13 lakhs is the highest on record enabling Travancore to occupy the second position among Indian States, but also because of the fact that the increase has taken place without resort to any new taxation except such as were calculated to equalise the burden of taxation and to keep in check inflated tendencies. It redounds to the credit of the State that the progress for the last ten years in the incoming of revenue finds a parallel only in that of Russia. The prospect of our revenues reaching beyond 8 crores and leaving a gratifying surplus of Rs. 1,00,46,000, after funds have been allocated to meet the needs of a progressive administration, is indeed a matter on which we have every reason to congratulate ourselves.

Sir, added to this is the fact that an aggregate sum of Rs. 115·29 lakhs is provided in the budget for postwar reconstruction schemes and a sum of Rs. 3½ lakhs set apart for revenue reserve fund. It will thus be seen that there is every justification for the statement made by the Financial Secretary that "our financial position may be deemed to be quite sound," and those who have been responsible for such a financial policy deserve to be heartily congratulated. The methods that have been considered necessary to augument the revenue to the required extent are well-devised and it is particularly noteworthy that they affect only those who are able to pay or sacri-

LIBRARY ARCHIVES Kerala Legislative Assembly

fice. It is immensely gratifying to find that thanks to the ardent devotion to the interests of the State displayed by a Sovereign, "young in years and old in wisdom" the inequalities in the burden of taxation have been removed by the introduction of a low and uniform rate of basic tax for all registered holdings, irrespective of their nature, quality or location. These far-reaching reforms will be remembered with gratitude by generations yet unborn.

The agricultural income tax is a fee on the well-to-do and cannot therefore be taken exception to.

Coming, Sir, to some of the details of the budget, I am glad to find that increased allotments have been made for the routine administration of almost all the departments. Out of the surplus, it is gratifying to find that one crore of rupees is set apart for the improvement of village life which has been described by the Financial Secretary as a measure of considerable importance and far-reaching reform. It will be enthusiastically welcomed, Sir, by everyone who has long felt that rural welfare work could be extended and developed by increasing the numbers and extending the scope of village panchayats and village unions, and by coordinating and consolidating the workings of these two bodies. The scheme envisaged for village uplift will undoubtedly mark a new land-mark in the history of rural reconstruction in the State and its progress will be watched with interest by all patriotic Travancoreans.

Equally commendable is the programme announced regarding the further improvement of the condition of the backward communities. The ten-year programme of Rs. 3 lakhs a year set apart for the ameltoration of the conditions ot these communities will certainly go a long way in realising the hope expressed by the Financial Secretary that after ten years there will be no communities which need be styled or regarded as backward.

Referring to Medical and Ayurveda and Public Health and Sanitation, I am sorry to have to say that the increased allotments made are not commensurate with the usefulness of these departments. I wish to reiterate the fact that provision should be made for a larger number of lady doctors, midwives and nurses to cope with the increased demands. The increased allotments made for agriculture and fisheries are quite in consonance with the sympathetic and progressive policy laid down by Government. The provision made for the intensification of the grow more food campaign and the lift and other irrigation arrangements will certainly expedite the solution of the most trying problem of the day.

While referring to food, though the Dewan President made the statement the day before yesterday that there should be no panic on the one side or foolish optimism on the other, I feel it my duty to point out that no Travancorean can ever forget the fact that but for the timely measures adopted by the Government of His Highness the Maharaja, the food position in Travancore would have been much worse than what it is now. As a matter of fact, though we are not out of the woods, the position is much better than what it is in many other places in India. For such a situation, the grateful

LIBRARY ARCHIVES Kerala Legislative Assembly

[Sry. T. Narayani Amma,]

thanks of the people of Travancore are due in no small measure to the Head of the administration whose watchful foresight and unceasing efforts have saved Travancore from what would otherwise have been a grave situation indeed. The service thus rendered by Sachivottama Sir C. P. Ramaswami Aiyar have deservedly evoked the warm commendations from everyone who has had occasion to study the food situation here. We are glad to learn that there is scope for even greater improvement in the food situation, and it is to be hoped that the claims of Travancore will continue to receive sympathetic consideration at the hands of those who are competent to deal with this question.

We welcome the announcement made by the Financial Secretary that the control measures have to be enforced for some time to come, and I feel sure that those who have been watching the control system will realise that but for it, the position would have been very bad indeed. The lifting of the ban on the exportation of egg has seriously affected the price and the availability of egg, which is one of the chief dietary articles of nutritive value. Anything that may be done to relieve the situation will be greatly appreciated.

The provision regarding large scale and deep-sea fishing made in the budget and for the construction of fish-curing yards affords some relief so far as fish remains as one of the chief articles of food for the majority of the population.

Sir, we are living in extraordinary times when popular cooperation is needed in the fullest measure to prevent and nullify the ruinous repercussions of a global war and to consolidate and promote the various nation-building activities aimed at increasing the social and economic welfare and all round progress. Great things are expected of all sections of the people at a time like the present when thanks to the many-sided measures of economic development and national welfare unfolded by the Government of His Highness the Maharaja, a vast vista of useful work lies before us. A policy of obstruction will dis-spirit and discourage everyone who wish well of us and a policy of cooperation, a spirit of give and take, will be able to work wonders. The budget presented by the learned Financial Secretary will undoubtedly cope with this vast vista of useful work, and I congratulate him once again on the budget.

MR. K. R. NARAYANAN : ചിരിക്കുന്ന നഗരങ്ങളെപ്പറ്റിയുള്ള ബഡ്ജറ്റല്ല, കരയുന്ന ഗ്രാമങ്ങളെ നോക്കി കാര്യപരിപാടി രൂപീകരിക്കുന്ന ബഡ്ജറാണ് അഭികാമ്യമായിട്ടുള്ളത്. ഇതു പ്രസിദ്ധ സാമ്പത്തിക വിദഗ്ദ്ധനായ ആഡംസ് എഴുതിയിട്ടുള്ള ഫിനാൻസ് ആൻഡ് നേഷൻ എന്ന ബുക്കിൽനിന്നും ഞാൻ ഉദ്ധരിച്ചിട്ടുള്ളതാണ്. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് തിരുവിതാംകൂർ ബഡ്ജറിനെ സാമാന്യമായി അല്ലെങ്കിലും സമഗ്രമായി പ്രതിപാദിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. പാവങ്ങളേയും സാധാരണക്കാരേയും ഈ ബഡ്ജറു എങ്ങനെ ബാധിക്കുന്നു അതാണ് മുഖ്യമായി എന്റെ നോട്ടം.

LIBRARY ARCHIVES Kerala Legislative Assembly

തിരുവിതാംകൂറിൽ ഒരു ലേബർഡിപ്പാർട്ടുമെൻറ് ഉണ്ടാക്കിയിട്ടുണ്ട്. കുറെ ലേബർ ഇൻസ്പെക്ടർമാരെ നിയമിക്കാൻ ഗവൺമെൻറ് തീരുമാനിച്ചു കഴിഞ്ഞു. തൊഴിലാളികളുടെ ആരോഗ്യസംരക്ഷണാർത്ഥം ഒരു സമർത്ഥനായ ഉദ്യോഗസ്ഥനെ പബ്ലിക്ക് ഹെൽത്തുഡിപ്പാർട്ടുമെൻറിൽനിന്നും അമേരിക്കയിൽ അയച്ചു പഠിപ്പിക്കാനും ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്. ഇതിനെ സംബന്ധിച്ചെല്ലാം വളരെ അഭിമാനിക്കാനാണ് ഞാൻ വഴികാണുന്നത്. ഏറ്റവും ആശാവഹമായി ഞാൻ കാണുന്നതു മുതലാളിമാരുടെ ലാഭത്തിൽ ഒരംശം തൊഴിലാളികൾക്കു വീതിച്ചുകൊടുത്തു ഒരു തൊഴിലാളി മുതലാളിത്തബന്ധമനോഭാവം സംജാതമാകുവാൻ അങ്ങു തയ്യാറായിരിക്കുന്നു എന്നതും ഗവൺമെൻറ് അതു കാലവിളംബമെന്യേ നടപ്പിലാക്കാൻ പോകുന്നു എന്നുള്ളതുമാണ്. ഗവൺമെൻറ് ഇതു ചെയ്യാൻ തീരുമാനിച്ചിട്ടുള്ള സ്ഥിതിക്കു പ്രൈവറ്റു കമ്പനികളും ഇതു സ്വീകരിക്കാൻ നിർബന്ധിക്കപ്പെടുമെന്നു പ്രത്യാശിക്കുന്നതു ചെയ്യേണ്ടതാണ്. അമേരിക്കയിലെ സമ്പത്തിനേക്കാൾ മനസമാധാനത്തിന്റെ മുഖ്യകാരണം ആദായത്തിന്റെ ഒരംശം തൊഴിലാളികൾക്കു കൊടുക്കുന്നതാണ്. റഷ്യയിൽ പീസ്‌വർക്കിന്റെറപോലും ആദായം വേലക്കാർക്കുകൂടി കിട്ടാൻ വ്യവസ്ഥയുണ്ട്. ഈ നില ഗവൺമെൻറ് അംഗീകരിച്ചു കാണുന്നതു ഏറ്റവും തൃപ്തികരമാണ്. ഗ്രാമോദ്ധാരണത്തിനു വേണ്ടി ഒരുകോടി രൂപാ മാറ്റിവച്ചിട്ടുണ്ട്. ഇതുകൊണ്ടു ഗ്രാമങ്ങളുടെ നില എത്രയും ആശാവഹമാണെന്നു പറയാൻ തരമില്ല. ഈ അവസരത്തിൽ ഒരു സംഗതി വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഗ്രാമോദ്ധാരണത്തിനായി മാറ്റി വച്ചിട്ടുള്ള ഈ തുക മുഴുവനും അടുത്ത ബഡ്ജറ്റു അവതരിപ്പിക്കുന്നതിനു മുമ്പു വിനിയോഗിച്ചു പ്രവൃത്തിപഥത്തിൽ എത്തിച്ചു അതിന്റെ ശരിയായ റിസൾട്ടു ജനങ്ങളെ കാണിക്കാൻ തിരുവിതാംകൂർഗവൺമെൻറിന്റെ കടിഞ്ഞാൺ പിടിക്കുന്ന അങ്ങു വൈദഗ്ദ്ധ്യം കാണിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അതു പാവങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ പുരോഗതിയുടെ ആണിക്കല്ലായിരിക്കും.

അടുത്തതായി എനിക്കു പ്രതിപാദിക്കാനുള്ളതു് ബേസിക്ക് ടാക്സിനെപ്പറ്റിയാണ്. അതും പാവങ്ങൾക്കു വളരെ പ്രയോജനം ചെയ്യുന്നതാണു്. ഈ ലക്ഷം പ്രതിവർഷം കരം വകയിൽ കിട്ടിവന്നതു് ചെല്ലുന്ന കൊല്ലത്തിൽ ഈ പരിഷ്കാരത്തിന്റെ ഫലമായി ഇരുപത്തിഏഴരലക്ഷം രൂപാ മാത്രമാകും. ഈ ലക്ഷത്തിൽപരം രൂപാ പാവങ്ങൾക്കു ലാഭമാണ്. ഗവൺമെൻറ് ഒരു പടികൂടി മുമ്പോട്ടുമായി കടന്നു് ഭൂമിയിന്മേൽ ടാക്സ് ചുമത്തുന്ന സമ്പ്രദായംതന്നെ നിർത്തലാക്കണം. ഭൂമിക്കു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

നികുതിവാങ്ങുന്ന സമ്പ്രദായം ഇതു പരിഷ്കൃതഗവണ്മെൻറിനു യോജിച്ചതല്ല. ഇപ്പോൾ ഗവണ്മെൻറു ബഡ്ജറു ശരിയാക്കുന്നതിനു ബോസിക്ക് ടാക്സ് ർ കാശാക്കണ്ടിവന്നു. അടുത്തകൊല്ലം അതു രണ്ടുകാശാക്കി കുറക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. അപ്രകാരം അനതിദൂരഭാവിയിൽ ഇതു നിർദ്ദോഷമാറി ഭൂമിയിൽ മനുഷ്യൻതാമസിക്കാൻ അവകാശമുള്ളവനാക്കാൻ, വെള്ളവും വായുവുംപോലെ ഭൂമിയും ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യം അവനു നൽകാൻ, ദീർഘവീക്ഷണ ചതുരക്ഷണനായ അങ്ങു തയ്യാറാകണമെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. ഇതിനെ സംബന്ധിച്ചു പറയുമ്പോൾ രണ്ടുകാര്യങ്ങൾ ഗവർണ്മെൻറിന്റെ മുമ്പാകെ കൊണ്ടുവരുവാൻ ഞാൻ നിർബന്ധിതനായിരിക്കുന്നു. ഒന്നു തിരുവിതാംകൂറിലെ ഹിന്ദുദേവസ്വങ്ങളെ സംബന്ധിച്ചാണു. വരവിന്റെ ർ ൦ ശതമാനമോ, അല്ലെങ്കിൽ ഫനുലക്ഷം രൂപയോ കൊടുക്കാമെന്നു ഗവണ്മെൻറു വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടായിരുന്നു എന്നാൽ ഈയ്യിടെ ഒരു പ്രസ്നോട്ടിൽ പുതിയരീതിയനുസരിച്ചു പിരിച്ചാൽ ൭ ൦ ലക്ഷം രൂപാ എങ്കിലും ഹിന്ദുദേവസ്വങ്ങൾക്കു കൊടുക്കേണ്ടിവരുമെന്നും, വഞ്ചിപ്പുഴ, പൂഞ്ഞാർ മുതലായ ഇടവക ഭൂമികളുടെ കരം സെറിൽമെൻറു നടത്തുമ്പോൾ ൨ ൦ ൦-൦ ൨ ൭ ൦ -൦ ശതമാനം കൂടിയിട്ടുണ്ടെന്നും, ആ നിലക്കു ഫനുലക്ഷമോ, ർ ൦ ശതമാനമോ വാങ്ങുന്ന ഹിന്ദുദേവസ്വങ്ങൾക്കു ൨ ൭ ലക്ഷം രൂപയായി ക്ലിപ്തപ്പെടുത്താമെന്നും പറഞ്ഞിരിക്കുന്നു. ഇതു അനീതിയാണെന്നു പറയാതെ തരമില്ല. ഗവണ്മെൻറിനു അധികാരമുണ്ടെങ്കിലും ഹിന്ദുക്കൾക്കു ചോദിക്കത്തക്ക സംഘടന ഇല്ലെങ്കിലും മനുഷ്യത്വത്തിന്റെയും നീതിയുടേയും പേരിൽ ഈ ഹിന്ദുക്കളോടു ചെയ്യാവുന്ന ഒരു തെറ്റാണെന്നു പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. അതു പോലെതന്നെ വഞ്ചിപ്പുഴ പൂഞ്ഞാർ മുതലായ ഇടവകക്കാർ അബയിസിക്ക് ടാക്സ് പ്രൊക്ലമേഷന്നു പുറത്താണ് നിൽക്കുന്നതു്. അവക്കു് ഇപ്പോൾ ലാൻഡുടാക്സും, അഗ്രികൾച്ചറൽ ഇൻകംടാക്സും കൊടുക്കണം. ഈ ഒരു സമ്പ്രദായം വഞ്ചിപ്പുഴ പൂഞ്ഞാർ ഈ ഇടപ്രഭുക്കന്മാർ കൈക്കൊള്ളുന്നതു ശരിയല്ല. അവരേയും സാമാന്യമായി ഗവണ്മെൻറിന്റെ വീക്ഷണകോണത്തിൽ കൊണ്ടുവരണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഫ ൭ ൦ ൦ രൂപാ ആദായം എന്നതിനു പകരം അവക്കുമാത്രം ൨ ൭ ൦ ൦ രൂപ എന്നോ മറ്റോ ആക്കിയാലും തരക്കേടില്ല.

പ്രൈമറി എഡ്യൂക്കേഷനെ സംബന്ധിച്ചു എന്റെ സ്നേഹിതൻ മി. ചാഴിക്കാടൻ മുത്തിമത്തായ മതസ്നേഹത്തോടും വീറോടും അച്ചട

LIBRARY ARCHIVES Kerala Legislative Assembly

ക്കത്തോടുംകൂടി പ്രസംഗിച്ചു. എനിക്കു അദ്ദേഹത്തോടു വളരെയൊന്നും പറയുവാനില്ല. അവരുടെ മതവിദ്യാഭ്യാസം സംബന്ധിച്ചു കാര്യങ്ങളിൽ അവർതന്നെ ലോകത്തിൽ പൊതുവായ ഒരു നില സ്വീകരിച്ചിട്ടുണ്ടു്. ആ നില ഇതാണു്. ഫ്രഞ്ചെൻ-ൽ എലിമെൻടറി ആക്ടു് യൂറോപ്യൻ രാജ്യങ്ങളിൽ നടപ്പിലാക്കിയപ്പോൾ മതവിദ്യാഭ്യാസത്തിനു കത്തോലിക്കർക്കുണ്ടാകുന്ന വിഷമം ഫ്രഞ്ചംപീയൂസ് മാർപ്പാപ്പാ തിരുമേനിയും, മതാദ്ധ്യക്ഷന്മാരും മനസ്സിലാക്കി ബമ്മയിലേയും ഇൻഡ്യയിലേയും വിദ്യാഭ്യാസത്തെക്കുറിച്ചു അന്വേഷണം നടത്താൻ ഒരു കമ്മറിയെ നിയമിച്ചു. അവർ ഫ്രൻചെൻ-ൽ ഒരു റിപ്പോർട്ടു പരസ്യം ചെയ്തു. ആ റിപ്പോർട്ടാണു് "ലിനിൻസ്ഡേകമ്മററി റിപ്പോർട്ടു്". ആ റിപ്പോർട്ടിൽ ഭാവിയിലെ കത്തോലിക്കാവിദ്യാഭ്യാസം എങ്ങനെയായിരിക്കുമെന്നു പ്രസ്താവിച്ചിട്ടുണ്ടു്. അതിപ്രകാരമാണു്. "ഭാവിയിലെ ഇൻഡ്യൻ വിദ്യാഭ്യാസനയത്തിൽ സഭയുടെ അവകാശങ്ങൾ പുലത്തിക്കൊണ്ടുപോകണമെന്നു ആഗ്രഹമുണ്ടെങ്കിൽ ഗവണ്മെൻറു ഗ്രാൻറിനെ വിശ്വസിക്കാതെ സ്വയം ശക്തിയുള്ളതാകാൻ നോക്കണം സ്റ്റേറിന്റെ ഉദാരതയെ അഭയം പ്രാപിക്കുമ്പോൾ അവരുടെ വിദ്യാഭ്യാസപദ്ധതി അന്യസമക്കേണ്ടതായി വരും." ഇതു എന്റെ വാക്കുകളല്ല. മാർപ്പാപ്പാതിരുമേനി എന്നു പറഞ്ഞാൽ കത്തോലിക്കർ ഭക്തികൊണ്ടു മുട്ടുകുത്തും. ഇതു അദ്ദേഹം ഉൾപ്പെട്ട ഒരു കമ്മിറിയുടെ റിപ്പോർട്ടു പരസ്യം ചെയ്തിട്ടുള്ളതാണു്. പ്രത്യേകിച്ചു റോമിൽനിന്നും പരസ്യം ചെയ്തിട്ടുള്ളതാണു് ഒരു ചാക്രിക ലേഖനം പരസ്യം ചെയ്തുകൊണ്ടു ഫ്രഞ്ചംപീയൂസ് മാർപ്പാപ്പാതിരുമേനി പരസ്യം ചെയ്തിട്ടുള്ള അഭിപ്രായമാണു്, ഞാൻ എന്റെ സ്നേഹിതൻ മി. ചാഴിക്കാടന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതു്. അദ്ദേഹവും മതാദ്ധ്യക്ഷന്മാരും വൈദികന്മാരും എല്ലാംകൂടി അവർക്കു ചെയ്യാവുന്ന ത്യാഗത്തിന്റെ പരമാവധിചെയ്തു അവരുടെ മതവിദ്യാഭ്യാസത്തെ സഹായിക്കുമെന്നു പ്രസ്താവിച്ചതിൽ ഞാൻ അദ്ദേഹത്തെ ബഹുമാനിക്കുന്നു. മതപ്രസക്തി അവർ കാണിക്കുന്നതു തീർച്ചയായും നല്ലതുതന്നെ. പക്ഷേ ഫ്രഞ്ചെൻ-ലെ എലിമെൻടറി ആക്ടിനുശേഷം ജർമ്മനിയിലും, ഇംഗ്ലണ്ടിലും, ഫ്രാൻസിലും ആസ്ട്രിയായിലും പരാജയപ്പെട്ട ഒരു പോർവിളിയുമായിട്ടാണു് എന്റെ സ്നേഹിതൻ മുമ്പോട്ടു വരുന്നതു. പക്ഷേ എന്റെ സ്നേഹിതൻ മി. ചാഴിക്കാടനു അതിവിടെ പരാജയപ്പെടുമെന്നു സംശയമില്ലായിരിക്കാം. അങ്ങനെയാണെങ്കിൽ ലോറസ്സു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

എൻസൈക്ലോപീഡിയ എഡ്യൂക്കേഷനെക്കുറിച്ചു പ്രസിദ്ധം ചെയ്തിരിക്കുന്ന ലേഖനത്തിലേക്ക് അദ്ദേഹത്തിന്റെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചു കൊള്ളുന്നു. ഇതിൽനിന്നു വ്യതിചലിക്കാൻ സാധിക്കുന്ന ഏതെങ്കിലും ഒരു കത്തോലിക്കനുണ്ടെങ്കിൽ അദ്ദേഹത്തെ ഞാൻ വെല്ലുവിളിക്കുന്നു.

MR. CHAZHIKATTU JOSEPH: വെല്ലുവിളിക്കുന്ന ആൾ ചോദ്യത്തിനു മറുപടി പറയാൻ തയ്യാറാകണം.

MR. K. R. NARAYANAN: യൂറോപ്യൻ രാജ്യങ്ങളെ മൊത്തമായി നാഷനലൈസ് ചെയ്യുന്ന സംപ്രദായത്തെ എതിർത്തവർ സ്വയം പരാജയമടഞ്ഞു എന്നു ചരിത്രം നമ്മെ മനസ്സിലാക്കുന്നു. അതുകൊണ്ടു പരാജയത്തിന്റെ ശവകുടീരമായ ചില സ്മാരകങ്ങൾ ഇവിടെ ഉണ്ടാക്കണമെന്നാഗ്രഹിക്കുന്നുവെങ്കിൽ എന്റെ സ്നേഹിതൻ ആ ദേശീയ മനോഭാവത്തെ തടയാൻ ശ്രമിക്കണം. പക്ഷേ പണം കുറവാണെങ്കിൽ അതിനുള്ള പരിപാടികൾ ഉണ്ടാക്കുകയാണ് വേണ്ടതു്. ഈ പദ്ധതിക്കു തിരുവിതാംകൂർ ഗവണ്മെൻറിനു മി. ചാഴിക്കാടന്റെ സമുദായം ഒഴിച്ചുള്ള എല്ലാ സമുദായങ്ങളുടേയും പിൻതുണയുണ്ടെന്നു ഞാൻ സധൈര്യം പ്രസ്താവിച്ചുകൊള്ളുന്നു.

MR. CHAZHIKATTU JOSEPH: ഗവണ്മെൻറിനു വേണ്ടിയാണോ? അതോ മെമ്പറുടെ സ്വന്തം നിലയിലാണോ ഇതു പറയുന്നതു്?

MR. K. R. NARAYANAN: എന്റെ സ്വന്തം നിലയിലുള്ളതും തൊണ്ണൂറു പ്പെട്ട സമുദായത്തിന്റെയും ഈ രാജ്യത്തുള്ള മറ്റു ചില സമുദായങ്ങളുടേയും അഭിപ്രായമാണ് ഇതു്.

അതുകൊണ്ടു പ്രൈമറിവിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം അതിനെ എതിർത്തു പരാജയം വരിച്ചു് ഒരു നല്ല കാര്യത്തിന്റെ മുമ്പിൽ വിലങ്ങടിച്ച മൂർക്കരുതു ശകുനംമുടക്കുന്ന സമ്പ്രദായം അശേഷം അഭിമാനകരമല്ലെന്നു എന്റെ സ്നേഹിതനെ വിനയപൂർവ്വം അറിയിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

ഇനി ഏറ്റവും പ്രധാനമായി എനിക്കു സ്പർശിക്കുവാനുള്ളതു് ഇവിടത്തെ ഭരണപരിഷ്കാരത്തെപ്പറ്റിയാണ്. അമേരിക്കൻ മോഡലിലുള്ള ഭരണപരിഷ്ക്കാരമാണോ ഇംഗ്ലീഷ് മോഡലിലുള്ള ഭരണപരിഷ്ക്കാരമാണോ നല്ലതെന്നു പറയാൻ ഞൻ ഒരു കാൺസ്റ്റിറ്റ്യൂഷനൽ വിദഗ്ധനല്ല. എന്നാൽ ഒരുകാര്യം എനിക്കു പറയാൻ കഴിയും. ഓരോ കൊല്ലത്തിനകം ഫ്രാവ്യ പ്രാവശ്യം മാറിയ ഗവണ്മെൻറാണ് ഫ്രാൻസിൽ. അപ്രകാരം പത്തുകൊല്ലത്തെ നിലനിൽപ്പുപോലും ഒരു ഗവണ്മെ

LIBRARY ARCHIVES Kerala Legislative Assembly

ൻറിന്റെ ഫ്രാൻസിൽ ഉണ്ടായിരുന്നില്ല. ഇവിടത്തെ ഭരണപരിഷ്ക്കാരത്തെ ജയിക്കത്തക്ക പരിഷ്ക്കാരം വേറൊരു നാട്ടുരാജ്യത്തിലും ഇന്നു നിലവിലില്ല. മിനിഞ്ഞാന്നത്തെ മദ്രാസ് മെയിലിൽ ഹൈദരബാദിലെ ഭരണപരിഷ്ക്കാരത്തെ കുറിച്ചു വായിക്കാനിടയായി. എന്താണ് അവിടത്തെ ഭരണപരിഷ്ക്കാരം? അന്യോദ്യോഗസ്ഥഭൂരിപക്ഷം കിട്ടുന്നുവെന്നാണ് ഒരു മെച്ചം. ഫാവുൻസ്യ-ൽ ഇവിടെ നടപ്പാക്കിയിട്ടുള്ളതാണ് അത്. ഇപ്പോൾ ഇംഗ്ലണ്ടിൽനിന്നും ക്യാബിനറ്റുമിഷൻ വന്ന് സ്വാതന്ത്ര്യ പ്രതിജ്ഞ ചെയ്തിട്ടു പോയതിനുശേഷവും ഹൈദരാബാദിൽ ഏർപ്പെടുത്തിയ പരിഷ്ക്കാരം അതാണ്. ഇതു തമ്മിൽ എന്തൊരു അന്തരമാണുള്ളതു!

SAHIB BAHADUR K. A. MAHOMED : അവിടെയും ഇവിടെയും ഉള്ള വിദ്യാഭ്യാസത്തിന്റെ അന്തരം മെമ്പർക്കറിയാമോ?

MR. K. R. NARAYANAN : അതുകൊണ്ടാണ് പുരോഗമനപരമായ പരിഷ്ക്കാരമെന്നു പറഞ്ഞതു്.

MR. CHAZHIKATTU JOSEPH : ഇവിടെ നോമിനേഷൻ ഇല്ലാത്തതിൽ മെമ്പർക്കു സങ്കടമുണ്ടോ?

MR. K. R. NARAYANAN : ഇല്ല. ഏഴുകൊല്ലം നാമിനേഷൻ ഇല്ലാതെ ഇവിടെ വരാൻ എനിക്കു സാധിച്ചിട്ടുള്ള സ്ഥിതിക്ക് ആ ചോദ്യം അസ്ഥാനത്താണ്.

MR. CHAZHIKATTU JOSEPH : നോമിനേഷൻ ഉണ്ടായിരുന്നെങ്കിൽ ഉറപ്പായി ഇവിടെ വരാമെന്നു മെമ്പർക്കു വിശ്വാസമില്ലേ?

MR. K. R. NARAYANAN : ഈ മാതിരി ചോദ്യത്തിനു് ഉത്തരം പറയാൻ ഞാൻ ഇപ്പോൾ ആഗ്രഹിക്കുന്നില്ല.

ഇവിടത്തെ ഭരണപരിഷ്ക്കാരത്തെ സംബന്ധിച്ച് എനിക്കു പറയുവാനുള്ളതു് പവ്വർ ജനറൽസ്സ് അല്ലാലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ലെന്നുള്ളതാണ്. ഭരണപരിഷ്ക്കാരത്തിന്റെ ഗുണം എന്തായാലും പവ്വർ എന്നു പറയുന്നതു മെച്ചം തന്നെയാണ്. അതു ട്രാൻസ്ഫർ ചെയ്യാതിരിക്കുന്നതു ശരിയുമല്ല. പക്ഷേ അതു സംബന്ധിച്ചു എനിക്കു പറയാനുള്ളതു് ഇതാണ്. സമുദായകക്ഷികളും രാഷ്ട്രീയകക്ഷികളും തമ്മിൽ അഭിപ്രായഭിന്നതയുള്ള ഈ രാജ്യത്തു ഇപ്പോൾ കിട്ടിയിരിക്കുന്ന ഭരണപരിഷ്ക്കാരം ഒന്നു പരീക്ഷിച്ചു നോക്കുകയാണ് ആദ്യമായി ചെയ്യേണ്ടതു്. പ്രാപ്തന്മാരും ചിന്തന്മാരുമായ ആളുകൾ അതു പരീക്ഷിച്ചു നോക്കണം. നാം പ്രാപ്തരും സമർത്ഥരും ആണെന്നു തെളിയിച്ചാൽ ഇതും ഭരണപരിഷ്ക്കാരം അനുവദിച്ചുതരാൻ കാരുണ്യമുണ്ടായ മഹാരാജാവു തിരുമേനി മറവുള്ളതുകൂടി തരാതിരിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MAHOMED : ഈ പരിഷ്ക്കാരം അനൗൺസു ചെയ്യുമ്പോൾ നിലവിലിരിക്കുന്ന പരിഷ്ക്കാരപ്രകാരമുള്ള ഏതെങ്കിലും സമുദായത്തിന്റെ അവകാശങ്ങൾക്ക് കുറവു വരികയില്ലേ?

MR. K. R. NARAYANAN : ഞാൻ സമുദായചിന്തകനാകയാൽ അതിനെ സംബന്ധിക്കുന്നതിനാൽ ഇവിടെ അതു പ്രസ്താവിക്കണമെന്നു വിചാരിക്കുന്നില്ല.

അതുകൊണ്ട് പുതിയ പരിഷ്ക്കാരം ശരിക്കു ഉപയോഗിച്ചു മുന്നോട്ടുവന്നാൽ പൂർണ്ണമായ ഉത്തരവാദഭരണത്തിനു പിന്നെ താമസ്ഥലങ്ങൾ ആവശ്യമില്ല. നാം യോഗ്യന്മാരെന്നു വരുത്തിയാൽ ആറു കൊല്ലത്തെ സൂയ്പ്പോടത്തിനകം നമുക്കു പൂർണ്ണമായ ഉത്തരവാദഭരണം ലഭിക്കും. ലോകഗതിയുടെ ഒഴുക്കിൽ നിന്നു ഇൻഡ്യയെ മാറ്റി നിറുത്താൻ സാധ്യമല്ല. കിട്ടിയ ഭരണപരിഷ്ക്കാരം ഉപയോഗിച്ചു പ്രാപ്തന്മാരെന്നു വരുത്തി ഉത്തരവാദഭരണത്തിന്റെ സൂയ്പ്പോടയം കാത്തിരിക്കയാണ് നാം ബുദ്ധിപൂർവം ചെയ്യേണ്ടതെന്ന് എല്ലാ രാഷ്ട്രീയകക്ഷികളോടും സംഘടനകളോടും ഞാൻ അപേക്ഷിക്കുന്നു.

MR. CHAZHIKKATTU JOSEPH : ആറു കൊല്ലത്തിനകം കിട്ടുമെന്നുള്ളതു് ഇന്നു പോടിക്കുന്നതു തെറ്റാണോ?

MR. K. R. NARAYANAN : തെറ്റാണെന്നു പറഞ്ഞില്ല. കിട്ടിയതിനെ ഉപയോഗിച്ചു സമുദായകക്ഷികളേയും രാഷ്ട്രീയകക്ഷികളേയും സജ്ജീകരിക്കണമെന്നു പറയുമ്പോൾ ചക്ക് എന്നു പറഞ്ഞതു കേട്ടു കൊക്ക് എന്നു പറഞ്ഞു വാദിക്കുന്നതു വളരെ തെറ്റാണ്.

MR. P. R. ACHUTHAN : സർ, സംസ്കൃത സാഹിത്യനഭോമണ്ഡലത്തിലെ ഉജ്ജ്വലതാരങ്ങളായ മാഘൻ, കാളിദാസൻ, ഭാരവി എന്നീ മഹാകവികൾ ഘണ്ടാമാഘൻ, ദീപശിഖാകാളിദാസൻ, ഛത്രഭാരവി എന്നറിയപ്പെടുന്നതുപോലെ, രാഷ്ട്രീയനഭോമണ്ഡലത്തിൽ നമ്മുടെ ഫിനാൻഷ്യൽ സെക്രട്ടറി മി. എസ്സ്. നാരായണയ്യർ ബഡ്ജറു് നാരായണയ്യർ എന്നു് അനുഖ്യാതനും അനുമോദനാർഹനും ആയിരിക്കുന്നു.

സർ, ഇന്നത്തെ ലോകത്തിന്റെ നിലയെന്താണെന്നും അതിലേക്കു എന്താണു ചെയ്യേണ്ടതെന്നും വീക്ഷിച്ചറിഞ്ഞു്, ആ നിലയിൽ തിരുവിതാംകൂറിലെ വിവിധ സമുദായങ്ങളുടെ, വിശേഷിച്ചും അവശസമുദായങ്ങളുടെ ഉദ്ധാരണത്തിനായി ബഹുമാനപ്പെട്ട ഗവണ്മെന്റു ചെയ്തിട്ടുള്ളതും ചെയ്യുവരുന്നതുമായ കാര്യങ്ങൾക്കു ഞങ്ങൾ അതീവ കൃതജ്ഞതരാണ്. ഞങ്ങളുടെ ആവശ്യങ്ങൾ എന്താണെന്നു അറിഞ്ഞും അവയ്ക്കു വേണ്ട പരിപാടികൾ സൃഷ്ടിച്ചും അതിലേയ്ക്കു വേണ്ട തുക നീക്കിവച്ചും

LIBRARY ARCHIVES Kerala Legislative Assembly

തയാറാക്കിയിരിക്കുന്ന ഈ ബഡ്ജറ്റ് ഏറ്റവും അഭിനന്ദനാർഹമായിരിക്കുന്നു എന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. ദോഷൈകദൃക്കുകളായ ചില മെമ്പറന്മാരുടെ ആരോപണങ്ങൾകൊണ്ട് ഈ ബഡ്ജറിന്റെ സാക്ഷാത്തും പരമവുമായ മഹത്വത്തിനു യാതൊരു ഹാനിയും സംഭവിക്കുന്നതല്ല.

സർ, ഇതിൽ വരവിന്റേയും ചെലവിന്റേയും ഓരോ ഭാഗങ്ങളെ വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നുവെന്നുമാത്രമല്ല; അതെപ്പറ്റിയുള്ള കൂടുതൽ പ്രതിപാദനം ചർവ്വിതചർവ്വണംകൂടി ആയിരിക്കുന്നതാണ്. മഹനീയമായ ഈ കൃത്യനിർവ്വഹണത്തെ ബഹുമാനിക്കാതെ ഇരിക്കുക യാതൊരാൾക്കും സാദ്ധ്യമല്ല. അതുകൊണ്ടു സപ്രാഗതാർഹമായിരിക്കുന്ന ഈ ബഡ്ജറ് അവതരിപ്പിച്ച ഫിനാൻഷ്യൽ സെക്രട്ടറിയെ ഒന്നുകൂടി ഹാർദ്ദമായി ഞാൻ അനുമോദിക്കുന്നു.

സർ, ആരുടെ ഉപദേശങ്ങളാണോ ഇതിൽഅന്തർവ്വസ്തുക്കളായി പ്രതിഫലിച്ചുകാണുന്നതു്, ആരാണോ ഭാരതീയമായ പൊതുനന്മക്കുവേണ്ടി എപ്പോഴും ആശിച്ചും പ്രവർത്തിച്ചും കൊണ്ടിരിക്കുന്നതു്, ആ സചിവോത്തമന്റെ കൈയ്ക്കരുത്തു് ഈ ബഡ്ജറിൽ എവിടെ നോക്കിയാലും സൂക്ഷ്മബുദ്ധിയുള്ളവർക്കു കാണുവാൻ കഴിയുന്നതാണ്.

സർ, എനിക്ക് സാമുദായികമായ ചില സംഗതികൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നാഗ്രഹമുണ്ടായിരുന്നു. എന്നാൽ ഗൗരവാവഹങ്ങളായ സംഗതികളിൽ അങ്ങു് ഏർപ്പെട്ടിരിക്കുന്ന ഈ അവസരത്തിൽ അവക കാര്യത്തിനു മാത്രമായി സമയം ചെലവാക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. അങ്ങനെയുള്ള അത്യാവശ്യകാര്യങ്ങൾ ഒരു മെമ്മോറാണ്ടംവഴി അങ്ങയുടെ മുൻപാകെ സമർപ്പിച്ചു്, അങ്ങയിൽ നിന്നും അങ്ങയുടെ ഗവണ്മെന്റിൽ നിന്നും അനുവദിച്ചുതരുന്ന സഹായങ്ങൾ അനുഭവിക്കാമെന്നു കരുതി, ഒന്നു രണ്ടു സംഗതികൾ മാത്രം പറഞ്ഞിട്ട് എന്റെ ഈ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം.

സർ, ബഹുമാന്യപ്രാസംഗികനായ മി. ചാഴിക്കാട്ടുജോസഫ് ഇവിടെ പ്രസ്താവിച്ച ഒന്നുരണ്ടു സംഗതികളെക്കുറിച്ചാണ് എനിക്കു അല്പം പറയുവാനുള്ളതു്. അദ്ദേഹത്തിന്റെ നിർദ്ദാക്ഷിണ്യങ്ങളായ ദോഷാരോപണങ്ങൾക്കു് മറുപടി പറയാതിരിക്കാൻ ഏതൊരു അവശ സമുദായാംഗത്തിനും സാദ്ധ്യമല്ല. മി. ചാഴിക്കാടന്റെ വെല്ലുവിളിയെ കൈയ്ക്കൊള്ളുവാനുള്ള കരുത്തു് അങ്ങയുടെ കൈയ്യുണ്ടെന്നും, അങ്ങു് തുടർന്നുവരുന്ന സംരംഭങ്ങൾക്കു ഒരിക്കലും തോൽവി സംഭവിക്കയില്ലെന്നും ഞങ്ങൾക്കു് വിശ്വാസമുണ്ടു്. വാസ്തവത്തിൽ അദ്ദേഹത്തിന്റെ ഓരോ പ്രഭാഷണ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. R. Achuthan.]

വും ഈയുള്ളവൻ മറ്റൊരഭിപ്രായമുള്ളവനാണെന്നു പറയാതെ നിവൃത്തി യില്ല. രാജ്യത്തിന്റേയും രാജസ്ഥാനത്തിന്റേയും സ്ഥിരമായ നിലനില്പിനു വേണ്ടി വളരെ വളരെ ത്യാഗങ്ങൾ അനുഭവിച്ചിട്ടുള്ള ധീരന്മാരായ ധീവ രന്മാരുടെ ഒരു സന്തതിക്കും വിശിഷ്യ ഒരു ഹിന്ദുവിനും ഈ മാതിരി ചാ ഴിക്കാടന്മാരുടെ ഉർഭാഷണങ്ങൾ കേട്ടുകൊണ്ടിരിക്കുവാനുള്ളതല്ല. രാജഭക്ത രന്മാരായ ഇവിടത്തെ മറ്റു ജനവിഭാഗങ്ങളോടൊപ്പം അവശന്മാരായ ഞങ്ങളും അങ്ങയോടും, പ്രജാവത്സലനായ മഹാരാജാവു തിരുമനസ്സി ലേയും സൽപേരിന് കളങ്കം വരുത്താതിരിക്കാൻ പരിശ്രമിക്കുമെന്നു ഞാൻ താഴ്മയായി അറിയിച്ചുകൊള്ളുന്നു.

സർ, എന്താണ് ഇന്ന് ഗവണ്മെൻറു ചെയ്തിട്ടുള്ളത്? നിർബ ന്ധിത വിദ്യാഭ്യാസം നടപ്പിലാക്കി. അതൊരു തെറ്റാണോ? ഏതു കാരണംകൊണ്ടാണ് ഇതു തെറ്റെന്നു പറയുന്നതെന്നു ഞാൻ ചോദി ക്കുന്നു? പാവങ്ങൾക്ക്, അവരുടെ കുഞ്ഞുകുട്ടികൾക്ക്, ശരിയായ വിദ്യാഭ്യാ സം നൽകുന്നതിന് ഗവണ്മെൻറു സൗകര്യം നൽകിയതാണോ? നിർബ ന്ധിതവിദ്യാഭ്യാസ സംപ്രദായം ഈ രാജ്യത്തെ ഒരു സമുദായത്തിനും, ഒരു വ്യക്തിയ്ക്കും കുഴപ്പമുണ്ടാക്കുമെന്നു വിചാരിക്കുവാൻ പാടില്ലാതിരിക്കെ, അതു നടപ്പിൽ വരുത്താൻ പാടില്ല എന്നു പറയാൻ ആർക്കാണ് അവ കാശമുള്ളത്?

മഹാത്മൻ, അങ്ങയുടെ ബുദ്ധിശക്തി, ധീരോദാത്തത, രാജ്യതന്ത്ര ജ്ഞത ഇവയെല്ലാം ആരാണു അറിയാത്തതു? അങ്ങ് ഇൻഡ്യാ ഗവ ണ്മെൻറിന്റെ മുൻപാകെ മുമ്പോരിക്കൽ, ഇവിടത്തെ ഭക്ഷണസ്ഥിതി അത്യന്താ ശോചനീയമായിരുന്ന ഘട്ടത്തിൽ, പറഞ്ഞിട്ടുള്ള അഭിപ്രായം ഞാൻ ഓർക്കുന്നു. അതായതു് വെറും വയറോടുകൂടി യുദ്ധായത്തത്തിൽ പങ്കെടുക്കാൻ തിരുവിതാംകൂറിന് സാദ്ധ്യമല്ലെന്നാണു. അതിന്റെ ഫല മായി ഇവിടെ ആവശ്യമുള്ള ഭക്ഷണസാധനങ്ങൾ ധാരാളം ലഭിച്ചുകൊ ണ്ടിരിക്കുന്നുവെന്നാണു എന്റെ വിശ്വാസം. ഇവിടത്തെ ഭരണാധികാരി യായ അങ്ങു് ഓരോ ജനവിഭാഗത്തിനും ആവശ്യമുള്ള എല്ലാ സൗകര്യങ്ങ ളും ചെയ്തുകൊടുക്കുന്നതിനാൽ ഇപ്പോൾ അക്ഷം സങ്കടത്തിനവകാശ മില്ല. അതുകൊണ്ടു മഹാരാജാവുതിരുമനസ്സിനേയും അവിടത്തെ ഭരണാ ധികാരിയായ അങ്ങയേയും ഇവിടത്തെ എല്ലാ സമുദായങ്ങളും ബഹുമാന പൂർവം ആദരിക്കുന്നു എന്നുള്ളതിൽ രണ്ടുപക്ഷമില്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഒരു സംഗതി ഈ അവസരത്തിൽ തുറന്നുപറയാതിരുന്നാൽ അതു് എന്റെ സമുദായാംഗങ്ങൾക്കു സങ്കടത്തിനു കാരണമാകും. ഞങ്ങളുടെ സമുദായത്തെ ബാഹ്യല്ലേനു ബാധിക്കുന്ന ഒരു പ്രശ്നമാണതു്. മാംസ്യത്തിന്റെ കയറ്റുമതി നിയന്ത്രണം ഗവണ്മെന്റു ഏർപ്പെടുത്തി. ഈ രാജ്യത്തു മാംസ്യം പിടിക്കുന്നവരായി വാഡന്മാർ, അരയർ, ഈഴവർ, ക്രിസ്ത്യാനികൾ, പുലയർ മുതലായി പല വർഗ്ഗത്തിൽപ്പെട്ട ആളുകളും ഉണ്ടു്. ഇവരിൽ കലപാരമ്പര്യമുള്ളവരാണു് വാഡന്മാർ. കൂടുതൽ വാഡന്മാർ ചെമ്മീൻ വ്യവസായികളാണു്. ഈ നിയന്ത്രണംമൂലം ചെമ്മീൻ പിടിച്ചു കാലക്ഷേപംചെയ്യുവന്ന ആളുകൾക്കു വളരെ കഷ്ടതകരം ഉണ്ടു്. ഗവണ്മെന്റു ഈ നിയന്ത്രണം ഏർപ്പെടുത്തിയതു് ഏതു തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണോ ആ തത്വത്തിന്റെ മൂലസിദ്ധാന്തത്തിനു് വ്യത്യാസംവരുത്താതെ ആ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളുടെ സങ്കടനിവൃത്തി ഉടൻ വരുത്തിത്തരണമെന്നു ഞാൻ അപേക്ഷിക്കുന്നു. അല്ലപോകലതന്നെ നിശ്ചയമായും ഈ രാജ്യത്തു അങ്ങു നടപ്പിൽ വരുത്താനുദ്ദേശിക്കുന്ന എല്ലാ പരിപാടികളും നടപ്പിൽവരുത്തുന്നതിനു ഞാൻ ഉൾപ്പെട്ട സമുദായത്തിലേയും, ഞങ്ങളേക്കാൾ പ്രബലമായിട്ടുള്ള മറ്റു സമുദായങ്ങളിലേയും അംഗങ്ങൾ അങ്ങയുടെ മുന്നണിയിൽ ഉണ്ടായിരിക്കുമെന്നു ഞാൻ ഉറപ്പു നൽകികൊള്ളുന്നു. മി. ചാഴിക്കാട്ടു ജോസഫ് അവർകൾ മതപ്രതിപത്തികൊണ്ടു മതിമറന്നു ചെയ്തിട്ടുള്ള പ്രസ്താവനകൾ സംബന്ധിച്ചു ഒരു ഒത്തുതീർപ്പുണ്ടാക്കുമ്പോൾ ഞങ്ങളെപ്പോലെയുള്ള ആളുകളുടെ കുഞ്ഞുകുട്ടികളെ പഠിപ്പിക്കാനുള്ള സൗകര്യം ഉണ്ടായിരിക്കണമെന്നുകൂടി പ്രസ്താവിച്ചുകൊണ്ടു എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

MR. V. GANGADHARAN NAIR: Sir, there are certain progressive features in this year's budget. The most outstanding of them are the introduction of the compulsory primary education, the introduction of the agricultural income tax, and the introduction of the ten-year plan for the development of village reconstruction scheme.

Sir, after having listened with interest to the speeches made by various honourable members of this House, I think I may not have much to add to the budgetary discussions. The tenth and perhaps the last budget of the present administration is before us now. It is a matter of gratification, both for the administration and for the people, to find that at a time when the budgetary responsibilities are going to be transferred to the people of the State, the finances of the State are sound and stable. From just about Rs. 2 1/4 crores, Sir, you have been able to raise our revenues to nearly Rs. 8 crores in about ten years. It is not a small achievement. The post-war reconstruction fund added to the village reconstruction fund, gives

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. GangadharanNair.]

ample scope for confidence and hope for the people to take up the responsibilties of the finances of the State.

Having admitted this fact, I may be permitted to look at the budget with the revolutionary urge that is being felt not only in this country but throughout the length and breadth of the whole world. There was a time when the State used to be influenced by big business and money, but today, as a result of the ascent of the common man to power, money has come under the control of the State. Modern budgets are framed not in the interests of big business and industrialists, but with the definite objective of raising the standard of life of the common man. The best budget is that which guarantees social security.

The House rose for lunch at 1 P. M. and re-assembled after lunch at 2 P. M. with the Dewan-President in the chair.

MEMBER SWORN.

MR. A. NARAYANAN TAMPI (*Director of Public Instruction*): took the oath and signed the rolls:

MR. V. GANGADHARAN NAIR: Sir, viewed from this angle I must say that our budget is disappointing. Situated as at present, the present admiuistration is incapable of embarking upon large-scale planning and large-scale activities. One crore of rupees ear-marked for village uplift work in the budget estimates, in the hands of a people's Government would not have been allotted for depositing in gilt-edged securities for the sake of drawing 3 lakhs of rupees annually for village uplift work.

PRESIDENT: What could have been done?

MR. V. GANGADHARAN NAIR: Sir, one crore of rupees in the hands of a popular Government would have been set apart for spending entirely in the course of one year for village uplift work, 50 lakhs for the completion of all minor irrigation works and 50 lakhs for the development of rural communications.

If these sums are entrusted to the present P. W. D. we know, from hard experience, the sure outcome. The gravity and the seriousness of the food situation today are well known to everybody. But the record of our irrigation works will show the slackness and the neglect of the P. W. D. Village roads and culverts are neglected for a long time now. Even the main roads have become unfit for travel. It is no wonder that the inefficient administration of the Public Works Department has failed to complete any appreciable amount of irrigation works. In the nature of things the Government is unable to undertake large-scale planning and large-scale activities. It is to make the Government fit for such revolutionary undertakings that I demand a democratic Government in the State.

Democratic planning is quite different from what is going on now. I wish to draw the attention of the House to the definition given to democractic planning by the All-India Planning Commission which is functioning under Pandit Jawaharlal Nehru.

LIBRARY ARCHIVES Kerala Legislative Assembly

"Planning under a democratic system may be defined as the technical coordination by disinterested experts, of consumption, production, investment, trade and income distribution in accordance with social objectives set by bodies representative of the nation. Such planning is not only to be considered from the point of view of economics and the raising of the standard of living, but must include cultural and spiritual values and the human side of life."

It is to enable this sort of rational and scientific planning to take place that I am demanding the early introduction of responsible government in the country. Sir, you know that India is at the present moment passing through a momentous period. You know, Sir, from the latest press reports that the British Indian Provinces have completed the programme of electing representatives to the Constituent Assembly. It is a matter for gratification that the Indian National Congress has captured a majority of seats in the Constituent Assembly. When our brethren in British India have chosen their representatives to the Constituent Assembly which will frame the constitution for the Great India of the future; how can we in the States sit quiet and unconcerned at this juncture? Sir, Responsible Government in Travancore will function equally successfully as in Madras, Bombay or U. P. Sir, you who can 'walk straight into any Cabinet of any country' know fully well that political wisdom and statesmanship lie in introducing Responsible Government in Travancore here and now. Let Travancore be immediately raised to the level of Madras or Bombay in the matter of Responsible Government. Personally speaking, I am an ardent advocate of the Westminster type of Responsible Government, wherein the King and the Parliament combine in a very admirable and comfortable manner. But having heard the compromising statement made by you yesterday I am prepared to accept the irremovability of the executive for a fixed period if the chosen representatives of the people will have the chance to become the Supreme Executive. I hope and trust that in the light of the spirit of accommodation magnanimously shown by you yesterday all parties in Travancore will be able to come together to agree on a national constitution for our country which under the aegis of His Highness the Maharaja will give complete responsible government to the entire satisfaction of his subjects.

As for the representatives to the Constituent Assembly I wish to make a humble suggestion before this House. Sir, excepting you all other representatives from Travancore should be allowed to be elected by the people. I may be permitted to say in this respect that as a legislator representing a constituency, I may not be a party to any such compromise with the irresponsible Dewan of Travancore, but Sir, I am prepared to compromise with that brilliant statesman and patriot, Sachivottama Sir C. P. Ramaswami Aiyar, who but for his Dewanship in Travancore today, would have undoubtedly been on the Expert Committee of the Congress along with Pandit Nehru and others.

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. Gangadharan Nair.]

Let me now turn to some other points. The cashewnut industrialists in Quilon have a complaint that they have been very harshly taxed by the Income Tax Department without any regard for their accounts. This arbitrary taxation on a most important industry of the State will be construed as a discouragement to industrialists. I request the Government to go into the question and redress the grievances but let me add that in doing so the Government should insist on the cashewnut industrialists to share their profits with their labourers also.

PRESIDENT: I have received a depution from the cashewnut merchants a few days ago and they have very candidly stated that their accounts were not kept inthe regular way. They have asked for certain specific concessions and allowances to be made to them. That is a matter for consideration by Government. Such being the case I do not think it is in the interests of the cashewnut merchants to pursue that matter at this stage. Obviously on their own account, they should be taxed more than even now. It is even admitted by them that they preserve the accounts more with a view to concealing profits rather than showing their true state of affairs.

MR. V. GANGADHARAN NAIR: Sir, another matter which I would like to place before the Government is the hardship of a large number of peasants in Pattazhi pakuthy in Pathanapuram. The land problem there is a very complicated one which should be solved as early as possible.

I appeal to the Government to encourage the co-operative movement to foster the spirit of co-operative farming and collective living. In my opinion a sum of Rs. 50 lakhs should be set apart for the working of the co-operative department. The enormous amount of corruption and bribery and black marketing that is in vogue today is a matter which should be fought tooth and nail by all concerned. The traders and the middle classes have become incorrigibly corrupt. War has helped the traders to earn much. The middle class is hard hit at present. Clerks and officers belonging to the middle class, in their anxiety to balance their home budgets have become terribly corrupt. Half-starved school masters and fully starved Anchal masters are sure to follow the postal strikers if the economic situation that has been created by the war is to continue like this for long. The old economic fabric has become shaky. A new order is inevitable. The State cannot shut its eyes to the realities of this revolutionary age. So it is for the State to give a lead in establishing a social order on the basis of socialism.

MR. A. R. SULAIMAN SAIT: Sir, the budget which has been presented before this House by the Financial Secretary for the year 1122 is a document which has been very carefully and ably prepared and as usual he deserves our warm congratulations upon his achievement. You also, Sir, in your opening speech the other day have complimented the Financial Secretary for the preparation of such a remarkable and lucid budget. You stated in your speech the other day that it is the tenth budget which you are handling after

LIBRARY ARCHIVES Kerala Legislative Assembly

you have assumed the Dewanship of the State. And during these ten years the country has made great progress so far as its finances are concerned.

One of the honourable members in the course of his speech yesterday tried to trace the history of the administration of Travancore for the last 135 years. And he went on to say that during the period when the sons of the soil were at the helm of affairs of the State, Travancore was very prosperous and happy and during the period of the Dewanship of persons from outside, the country drifted from happiness and contentment to unhappiness and unrest. Whatever the case might have been with other Dewans, of which I have very little knowledge, I can say without any fear of contradiction that during your regime, Travancore has made all-round progress in all the activities within her field. In a country, Sir, it sometimes so happens that for the smooth running of the administration and also for various other reasons.....

PRESIDENT: Order, order. I do not think honourable member need spend much time commending the present Dewan's administration for the simple reason that time will show what the result is. And I do not think that too serious an attention need be paid to such speeches as have been made yesterday which do no good to anybody excepting advertisement to the speaker.

MR. A. R. SULAIMAN SAIT: Yes, Sir. Now, I come to the budget. You have stated in your speech the other day that more revenue has been obtained this year without resorting to any new taxation whatso-ever, and the commercial community will be indeed delighted when they hear that no fresh taxation is resorted to this year. But in this connection I understand that the Government have amended the income tax rule in such a way that they propose to raise the rates of the income tax and the supertax. If that is correct, I am afraid the commercial community will be hit hard especially when they are passing through uncertain times. We are like the milch cows of the Government and if we are not properly treated we will not be able to give you milk. Therefore it is the duty of the Government to see that we are properly treated.

PRESIDENT: In what respect does the honourable member say that the increase has been made, Mr. Financial Secretary?

MR. S. NARAYANA AIYAR: I do not think that there is any increase at all.

MR. K. G. KUNJUKRISHNA PILLAI: There is no increase.

PRESIDENT: So far as I can see, there is no increase in the rate of the income tax. On the other hand, care has been taken to bring the rate of income tax and supertax here to about three-fifths of that in British India. I think it is correct.

MR. A. R. SULAIMAN SAIT: Well, Sir, I am satisfied. It was my information.

Then, in regard to controls and restrictions which are in force in Travancore I would suggest that such controls and restrictions that are not necessary may be removed. For instance, those controls which have been already removed in British India and in

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. R. Sulaiman Sait.]

other Indian States should be removed here also. Of course I also agree with the Government that some controls will have to be retained until completely normal conditions are restored.

PRESIDENT: Order, order. I think honourable members are aware that there is what is called a time lag and a certain amount of reluctance on the part of British India to allow goods to come to Indian States. I have already referred to the matter of motor cars. Take petrol for instance. The rate of supply of petrol to other parts is very different from that fixed for this State. We have pointed out that in other parts there are no ups and downs as in Travancore and that therefore you cannot have the producer-gas vehicles here. We have asked for more petrol but we have not been adequately dealt with. We have been on protest all the time. For instance, though it is now very difficult throughout the world, at one time when petrol was freely circulating in British India, we experienced difficulty to meet our full demand for petrol. That is why we are keeping controls on certain things.

MR. A. R. SULAIMAN SAIT: Sir, I was only saying that those controls which are very necessary should alone be retained. Those which are not found essential should be removed.

With regard to the question of ban on the export of fish, Sir, I would point out that there is a kind of fish called prawns which is not very much used by the people in this country.

PRESIDENT: Order, order. Even there, statistics have been taken of the kind of fish which people consume here. It has been pointed out to the Government that certain varieties of fish produced here are not consumed by the people of Travancore. It is therefore exported. Instructions have been given to issue permits for their export. We have, for the time being imposed, a fairly rigid limit with regard to those fish which are necessary for local consumption. But the moment our food position becomes better the ban will be lifted for the simple reason that we propose that after the war the export of fish should form one of the big items of our export trade.

MR. A. R. SULAIMAN SAIT: Now, with regard to my own place, Alleppey, it is my very painful duty to bring to your notice that the Government have all along shown a very step-motherly attitude, towards that place. The roads are all in a very bad condition, Bridges are unfit. The canals are completely neglected. The port is rendered useless for any heavy cargo traffic. Sir, Alleppey is supposed to be a busy commercial centre in Travancore. It also contributes to a great extent to the revenues of the State by way of income tax and customs duty and therefore it is regrettable that the attitude of the Government towards this place should be so step motherly. As a matter of fact, I think that some of the heads of departments concerned do not even seem to think that there is such a place in existence as Alleppey. So, Sir, I request you, as the head of the administration, to bestow your personal attention to the matter and to instruct the authorities concerned that in future they should be more generous and more sympathetic towards the needs of the Alleppey town.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: Order, order. What are the specific matters which the honourable member wants to bring to the attention of the Government?

MR. A. R. SULAIMAN SAIT: All matters are worse off; bridges roads, canals, pier, port, etc. and I think I have also brought to your personal attention these matters.

Now, before I conclude I would like to make a few observations on the constitutional reforms which are going to be introduced in the country shortly. Various speakers yesterday and today have expressed in the course of their speeches their views on the proposed reforms. Whatever might be the defects in those reforms according to the views expressed by the honourable members of the House, one thing is quite certain—and there can be no dispute over it—that the proposed reforms prove conclusively the solicitude and the wish of His Gracious Highness the Maharaja to allow his people in future to take more and more share in the day-to-day administration of the country. Some of the salient features of the reforms such as the introduction of adult franchise, the elimination of nomination, the administration of the Government by elected advisory committees, the right to elect non-official presidents for both the Houses are measures of very great and far-reaching consequences, and you deserve the congratulations of the people for having tendered advice to His Highness the Maharaja, to take a lead in this matter also as His Highness has taken lead in various other matters of vital importance. But before the constitutional reforms are brought into force, I would suggest, and I think it will be advisable, that the points on which there are differences of opinion are settled by mutual discussions and mutual consultations. For instance, so far as these reforms are concerned, there is a growing feeling of apprehension in the minds of the Muslim community in the country that, if the Muslims of Travancore as a whole, accept the proposed reforms, they will be deprived of their legitimate rights and privileges which they are now enjoying under the existing constitution. As a minority community like other minorities, they are justified in their apprehensions. I therefore think it is the duty of the Government to remove their apprehensions, and satisfy the muslim community that their interests will not be adversely affected by any reforms. I think it can easily be done and an atmosphere can be created by mutual consultations and discussions by which all people can be expected to come together and work the reforms.

MR. P. M. VARUGHESE: ഈ സഭയിൽ പ്രവേശിച്ചിട്ട് ബഡ്ജറ്റ് നിരൂപണത്തിനു ഇന്ന് ആദ്യമായിട്ടാണ് ഇങ്ങനെ ഒരു സന്ദർഭം എനിക്കു ലഭിച്ചതു്. പൊതുജനപ്രാതിനിധ്യമോ പൊതുജനങ്ങളോടുള്ള ഉത്തരവാദിത്വമോ ഒന്നും ഇല്ലാത്തതായ ഇവിടെയുള്ള ചില മെമ്പറന്മാർക്ക് എല്ലായ്പോഴും ബഡ്ജറ്റ് നിരൂപണപ്രസംഗം ചെയ്യുവാൻ ധാരാളം സൗകര്യങ്ങൾ കൊടുക്കുമ്പോൾ വോട്ടറന്മാർ തെരഞ്ഞെടുത്ത ജനപ്രതിനിധികളായ ഞങ്ങൾക്ക് ആ സൗകര്യങ്ങൾ അവഗണിക്കപ്പെട്ടതിൽ വളരെ സങ്കടമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. G. KUNJUKRISHNA PILLAI : On a point of order, Sir. Is the member entitled to impute motives to the Chair? That is what he is doing now.

MR. P. M. VARUGHESE : ഞാൻ ഈ സഭയിൽ ഹാജരായ ദിവസം ഞാൻ ഉൾപ്പെട്ടന്ന തിരുവിതാംകൂർ സ്റ്റേറ്റുകാൺഗ്രസിന്റെ അന്നത്തെ നേതൃത്വത്തെപ്പറ്റി ഈ സഭയുടെ അദ്ധ്യക്ഷനെന്നുള്ള നിലയിൽ അങ്ങു കോരിച്ചൊരിഞ്ഞ ശകാരവർഷങ്ങൾ എന്നെ വല്ലാതെ വേദനിപ്പിച്ചു. പരമാത്മാവിൽ ഈ സംഘടനയിൽ നിൽക്കുന്നതെങ്ങിനെയാണെന്നുപോലും എനിക്കു തോന്നാതിരുന്നില്ല. പക്ഷെ ആ സംഘടനയുടെ ആദർശമാണ് എനിക്കു ബലം നൽകിയതു്. അതിനു് ഒരു മറുപടി പറയണമെന്നു ഞാൻ അന്നേ ആശിച്ചിരുന്നതാണ്. അധികം വാക്കുകളിൽ ഒരു മറുപടി പറയുവാൻ എനിക്ക് ആശയില്ല. ഈ നാട്ടിൽ ന്യായമായ നേതൃത്വം വഹിക്കുന്നതിനു് അധികംപേർ ഇല്ലായിരിക്കാം. എന്നാൽ ഉള്ള നേതൃത്വത്തിൽ തൃപ്തിപ്പെടുവാൻ ധാരാളം കഴിയുമെന്നുള്ള ഒരു സമാധാനം പറയുവാൻ സാധിക്കുന്നതാണു്. അമ്മ എത്രതന്നെ വിരൂപിയായിരുന്നാലും ഒരു മഠാമ്മയെ കാണുമ്പോൾ അമ്മയെന്നു വിളിക്കുന്ന നയം ഒരിക്കലും അനുകരണീയമല്ല. പൊതുവേ ഇതുയും പ്രസ്താവിച്ചുകൊണ്ടു് ബഡ്ജറിനെപ്പറ്റി രണ്ടു വാക്കു പറഞ്ഞു കൊള്ളട്ടെ.

ഇക്കൊല്ലത്തെ ബഡ്ജറിൽ പ്രധാന വരവിനമായി നിൽക്കുന്നതു് എക്സൈസുവകുപ്പാണ്. എക്സൈസിൽ നിന്നുള്ള വരവിനെപ്പറ്റി അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ ഒരു ഭാഗത്തു പറഞ്ഞിരിക്കുന്നതു പ്രത്യേകം ശ്രദ്ധേയമാകുന്നു.

In the case of toddy shops the contracts were for a period of two years as usual, whereas in the case of arrack shops the biennial contract was changed into an annual one and fresh contract was entered into on that basis. The contract for the manufacture and supply of jaggery arrack to the independent shops given to Messrs. Travancore Sugars & Chemicals Ltd. was renewed for a further period of one year from the the beginning of 1120. The number of toddy shops and arrack shops working during the year was 1,503.

ഇതു പ്രത്യേകം എന്നെ ആകർഷിച്ച ഒരു ഭാഗമാണ്. ഇതുപോലെ ജനങ്ങളുടെ മുട്ടിപ്പായ അപേക്ഷയോടുകൂടിയ ഏതുയെല്ലാം കാര്യങ്ങൾ ഈ ഗവൺമെൻറു ചെയ്തുകൊടുത്തിട്ടുണ്ടെന്നു് അന്വേഷിച്ചാൽ നമുക്ക് അത്ഭുതം ഉണ്ടാകും. ഇവിടെ നടന്നിട്ടുള്ള വിമർശനങ്ങളിൽനിന്നുതന്നെ ആ സംഗതി ഏറക്കുറെ നമുക്കു മനസ്സിലായിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. O. THOMAS : കഴിഞ്ഞയാണ്ടിൽ ഏർപ്പെടുത്താൻ ഉദ്ദേശിച്ചിരുന്ന പുതിയ ആശുപത്രികളിൽ നാലു മാത്രമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നു മന്ത്രിക്ക് അറിയാമോ?

MR. P. M. VARUGHESE : അതുപോലും എനിക്ക് അറിഞ്ഞുകൂടാ.

PRESIDENT : Honourable member may address the Chair. No private conversation is allowed.

MR. P. M. VARUGHESE : ഈ മദ്യഷാപ്പുകൾ ജനങ്ങളുടെ അപേക്ഷ അനുസരിച്ച്, അതും കുറെ ജനങ്ങളുടെ താല്പര്യപ്രകാരം മാത്രം അനുവാദം കൊടുത്ത ഗവണ്മെൻറ് എത്ര ദയാലുവാണെന്നു ഞാൻ നിങ്ങളോടു പറഞ്ഞു മനസ്സിലാക്കേണ്ട ആവശ്യമില്ല. എന്നാൽ ആ കാരുണ്യംകൊണ്ട് ഗവണ്മെൻറിനും ഈ രാജ്യത്തെ അഭിവർദ്ധനം വന്നുകൊണ്ടിരിക്കുന്ന ആദായവും അതിൽനിന്നും ഉളവാകുന്ന ദുരനുഭവങ്ങളും എത്രമാത്രമാണെന്ന് ആരെങ്കിലും താരതമ്യപ്പെടുത്തിനോക്കിയിട്ടുണ്ടോ എന്ന് ഈ അവസരത്തിൽ ഞാൻ ചോദിച്ചുകൊള്ളുന്നു. പരിഷ്കൃത രാജ്യങ്ങളിൽ, പ്രത്യേകിച്ചും ഇക്കാലത്ത്, മദ്യപാനാസക്തിയെ കുറയ്ക്കുന്നതിനായി ഗവണ്മെൻറുകൾ ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ നമ്മുടെ ഗവണ്മെൻറ് മദ്യഷാപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലും ചെത്തുവൃക്ഷങ്ങൾ വർദ്ധിപ്പിക്കുന്നതിലും ആണ് ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നത്. അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ ൪൨-ാം പേജിൽ നോക്കിയാൽ കാണാം, ൧൯൫൯-ൽ ൧൯൫൪ തെങ്ങുകൾ ചെത്തുമ്പോൾ, ൧൯൫൦-ൽ ഒന്നര ലക്ഷത്തോളം തെങ്ങുകൾ ചെത്തിയിട്ടുണ്ടെന്ന്. പനകളുടെ കണക്കു നോക്കിയാലും ഈ വരുമാനവു കാണാവുന്നതാണ്. ഈ നയം മറേറതൊരു പരിഷ്കൃതരാജ്യത്തു നടപ്പുണ്ടെന്നു ഞാൻ ചോദിക്കുന്നു. ഇത്ര ദയാലുവായ ഗവണ്മെൻറിനോടു വേറൊരു ചോദ്യം ഞാൻ ചോദിച്ചുകൊള്ളട്ടെ. ഈ രാജ്യത്തെ ജനങ്ങളിൽ ഒട്ടും അഭിധാനമല്ലാത്ത ഒരു സമുദായമായ ക്രിസ്ത്യാനികൾക്കു അവരുടെ സ്വന്തം കുഞ്ഞുങ്ങളെ സ്വന്തം സ്കൂളുകൾ നടത്തി അഭ്യസിപ്പിക്കുന്നതിലേയ്ക്കു വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കണമെന്ന് ആവശ്യപ്പെട്ടിട്ട് ഈ ഗവണ്മെൻറിൽനിന്നുണ്ടായ മറുപടി എന്താണെന്നു ഞാൻ ഈ സഭയെ പ്രത്യേകം പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. ഇന്നുവരെ ഉണ്ടായിട്ടുള്ള വിദ്യാഭ്യാസക്കമ്മീഷനുകൾ അസന്ദിഗ്ദ്ധമായ ഭാഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്, ഇവിടത്തെ ക്രിസ്തീയമിഷനറിമാരാണ് ഈ വിദ്യാഭ്യാസത്തിന്റെ സിംഹഭാഗവും വഹിക്കുന്നതെന്ന്. ഇന്ന് തിരുവിതാംകൂറിലെ വിദ്യാഭ്യാസം മറു നാട്ടുരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം മുന്നണി

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. M. Varghese.]

യിൽ കൊണ്ടുവരാൻ ഈ മിഷനറിപ്രവർത്തനമാണ് പ്രധാനമായി സഹായിച്ചിട്ടുള്ളതെന്ന അഭിപ്രായപ്പെട്ടിരിക്കുന്നു. ഇന്നത്തെ ഗവണ്മെൻറിന്റെ നയം എങ്ങിനെയിരിക്കുന്നു എന്നു നോക്കുക. ഇന്നുവരെ, ഇപ്രകാരം വിദ്യാഭ്യാസക്കാര്യത്തിൽ ഏറ്റവും പ്രധാനമായ ഒരു പങ്കു വഹിച്ചിരുന്ന ആ ക്രിസ്തീയസമുദായത്തിന്റെ നേരെ ഗവണ്മെൻറ് അനുവർത്തിച്ചിട്ടുള്ളതും ഇന്ന് അനുവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ നയം എന്താണ്?

സർ, വിദ്യാഭ്യാസനയത്തെ സംബന്ധിച്ച് ഞാൻ അധികം ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. എങ്കിലും ഗവണ്മെൻറ് ഒന്നു പറഞ്ഞിട്ടുണ്ട്. ഇന്നയിന്ന അടിസ്ഥാനത്തിന്മേൽ മാത്രമേ ഗവണ്മെൻറും ക്രിസ്ത്യാനികളുമായി ഈ കാര്യത്തിൽ ഒരു ഒത്തുതീർപ്പു ഉണ്ടാകുകയുള്ളൂ എന്ന്. ക്രിസ്തീയനിലയെപ്പറ്റി എനിക്കും നല്ലവണ്ണം അറിയാവുന്നതുകൊണ്ട് ഇന്നയിന്ന നിലയിൽ മാത്രമേ ഒരു ഒത്തുതീർപ്പിനു ക്രിസ്ത്യാനികളും തയാറാകുകയുള്ളൂ എന്നു പറയുവാൻ എനിക്കും സാധിക്കും. അതുമായി ക്രിസ്ത്യാനികൾക്കു സ്കൂളുകൾ ഉണ്ടാക്കുന്നതിനും ആ സ്കൂളുകളിൽ അവരുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നതിനും അവർക്കു സ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്ന തത്വം ഗവണ്മെൻറു സ്വീകരിക്കണം. അതുമാത്രം പോരാ. സ്കൂൾസമയത്തു് അവരുടെ കുഞ്ഞുങ്ങളെ മതം പഠിപ്പിക്കണമെന്ന് അവർ ആവശ്യപ്പെടുന്നില്ല. സ്കൂൾസമയത്തല്ലാതെ മതം പഠിപ്പിക്കുന്നതിനുള്ള അനുവാദവും അവർക്കുണ്ടായിരിക്കണം. മതം പഠിപ്പിക്കണമെന്നുള്ള കാര്യം ഗവണ്മെൻറു തടയണമെന്ന് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആ കാര്യം നടപ്പില്ല. മൂന്നാമത്തെ ഗ്രാൻറിന്റെ കാര്യമാണ്. ഒരു ധർമ്മവിഷയംപോലെ ഗവണ്മെൻറ് അവർക്കു ഗ്രാൻറു നൽകണമെന്നു അവർ ആവശ്യപ്പെടുന്നില്ല. അങ്ങനെ ഗ്രാൻറു കൊടുത്താൽ അവർ സ്വീകരിക്കയുമില്ല. ക്രിസ്ത്യാനികൾ ഈ രാജ്യത്തു താമസിക്കുന്നിടത്തോളം കാലം ഈ രാജ്യത്തെ പൗരന്മാരെന്ന നിലയിൽ അവരുടെ കുഞ്ഞുങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനുള്ള അവകാശവും സ്വാതന്ത്ര്യവും അവർക്കുണ്ടായിരിക്കണമെന്നും അതിലേയ്ക്ക് ഈ രാജ്യത്തിലെ മുതലെടുപ്പിൽ ന്യായമായ ഒരു സംഖ്യ അവർക്കു കൊടുക്കേണ്ടതു വെറും ന്യായംമാത്രമാണെന്നും ആ നിലയിൽ അവർക്കു ഗ്രാൻറു നൽകണമെന്നുമാണ് അവർ പറയുന്നതു്. അല്ലാതെ ഒരു ധർമ്മം എന്ന നിലയിലല്ല. ഈ അടിസ്ഥാനവ്യവസ്ഥകളിന്മേൽ അല്ലാതെ യാതൊരു ഒത്തുതീർപ്പും രാജ്യവും ക്രിസ്തീയസമുദായവും ഗവണ്മെൻറുമായി ഉണ്ടാകുകയില്ല എന്നു ഞാൻ ധൈര്യമായി പറഞ്ഞുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അടുത്തതായി ഭക്ഷ്യനിലയെപ്പറ്റിയാണ് എനിക്കു പറയുവാനുള്ളത്. ഈ നാട്ടിൽ പണം ധാരാളമുണ്ടായിരിക്കുന്നു എന്നു ഫിനാൻഷ്യൽസെക്രട്ടറിയുടെ പ്രസംഗത്തിൽ പറയുന്നുണ്ട്. ശരി, പണംകൊണ്ട് ആഹാരം കഴിക്കുവാൻ ഒക്കുമോ? ഇത്രമാത്രം പണം ഉള്ള ഈ രാജ്യത്ത് ഇത്രമാത്രം ക്ഷാമം ഉണ്ടാകുന്നതിനുള്ള കാരണമെന്താണ്? ഈ രാജ്യത്ത് ഇപ്പോൾ ആവശ്യത്തിൽ കവിഞ്ഞു പണം ഉണ്ടായിരിക്കെ, ആ പണം ന്യായമായ വിധത്തിൽ ഉപയോഗിക്കുവാൻ തയാറാകാതിരുന്നാൽ മറ്റു രാജ്യങ്ങളെ ആശ്രയിക്കാതെതന്നെ ഈ രാജ്യത്തേക്ക് ആവശ്യമുള്ള ആഹാരസാധനങ്ങളും ഉണ്ടാക്കുന്നതിനുള്ള മാർഗ്ഗങ്ങളും കണ്ടുപിടിക്കുവാനും ആ രാജ്യത്തിനുവേണ്ടി പ്രയോജനപ്പെടുത്തുവാനും കഴിയുമായിരുന്നില്ലേ? എന്തുകൊണ്ടാണ് ഗവണ്മെൻറ് ആ മാർഗ്ഗങ്ങൾ സ്വീകരിക്കാതിരുന്നത്? തിരുവിതാംകൂറിലെ വനങ്ങളിൽത്തന്നെ അനേകായിരം ഏക്കർ സ്ഥലങ്ങളും നെല്ലു വിളയിപ്പിച്ച് എടുക്കുവാൻ തക്കവണ്ണം ഇപ്പോഴും തരിശായി കിടപ്പുണ്ട്. അതൊക്കൊണ്ടും തൊട്ടുകൂടാതിരിക്കത്തക്ക നിലയിൽ ഇത്രമാത്രം പരിശുദ്ധമാക്കി നമ്മുടെ വനങ്ങളെ സൂക്ഷിക്കണമെന്നു ഗവണ്മെൻറ് ശാഠ്യംപിടിക്കുന്നതിൻറെ ആവശ്യമെന്താണെന്ന് എനിക്കു മനസ്സിലാകുന്നില്ല. ഇത്തരുണത്തിൽ എനിക്ക് ഒരു സംഗതി ഓർമ്മവരുന്നു. പശുവിൻറെ അകിടിൽനിന്നും അതിൻറെ കിടാവു പാൽ കുടിക്കുവാൻ ശ്രമിക്കുമ്പോൾ അതു കിടാവിനെ പിടിച്ചുകെട്ടി പാൽ കറന്ന് എടുക്കുന്ന സമ്പ്രദായം നാം കാണുന്നുണ്ട്. അതുപോലെ ഈ വന്ധ്യഭൂമിയുടെ സന്താനങ്ങൾക്കായി ആ വന്ധ്യമാതാവിന് നൽകുവാൻ കഴിവുള്ള പാൽ കറന്നെടുക്കുന്നതിനു വേറെ ആരോ ആണ് അവകാശികൾ എന്ന് ഇതെല്ലാം കാണുമ്പോൾ തോന്നിപ്പോകുന്നു. ഇങ്ങനെ അവകാശം പറഞ്ഞുകൊണ്ടുവരുന്ന ആളുകളെക്കൊണ്ട് നമ്മുടെ മാതൃഭൂമിയുടെ പാൽ കറക്കാൻ അനുവദിക്കുന്നതു് ഒരിക്കലും രാജ്യത്തിൻറെ അഭിമാനത്തിനു യോജിച്ചതല്ലെന്നാണ് എനിക്കു പറയുവാനുള്ളതു്.

ഗതാഗതസൗകര്യങ്ങളെപ്പറ്റിക്കൂടി രണ്ടു വാക്കു പറയണമെന്നു വിചാരിക്കുന്നു. പണ്ടു വളരെ സുഖമായും സൗകര്യപ്രദമായും ഗതാഗതം ചെയ്യുവാൻ കഴിഞ്ഞിരുന്ന അനവധി റോഡുകളും ഇപ്പോൾ സഞ്ചാരയോഗ്യമല്ലാത്ത നിലയിൽ മോശപ്പെട്ടും അറകാറപ്പെട്ടും കിടക്കുന്നു എന്ന് എൻറെ അന്വേഷണത്തിൽ എനിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. തൊടുപുഴതാലൂക്കിലെ അനുഭവം അതാണ്. അവിടെ അരിയും മറ്റു റേഷൻ സാമാനങ്ങളും മലകളിലേക്കു കൊണ്ടുപോകുന്ന

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. M. Varughese]

തിനായി മുമ്പു ഉപയോഗിച്ചുകൊണ്ടിരുന്ന റോഡുകളെല്ലാംതന്നെ ഇപ്പോൾ നടന്നുപോകുന്നതിനുപോലും യോഗ്യമല്ലാത്ത നിലയിൽ ആയിത്തീർന്നിരിക്കുന്നു. ഈ റോഡുകളിൽ ഒന്നിലുംതന്നെ പാലങ്ങളോ കലിങ്കുകളോ ഇല്ല. ഈ വിധത്തിലുള്ള ഒരു സ്ഥിതി ഈ രാജ്യത്തു വന്നല്ലോ എന്നു ഞാൻ സങ്കടപ്പെടുകമാത്രമാണു ചെയ്യുന്നതു്.

ആരാധനസ്ഥലങ്ങളെ സംബന്ധിച്ചു് ക്രിസ്ത്യാനികൾക്കുള്ള ക്ലേശങ്ങളെപ്പറ്റി ഞാൻ പ്രത്യേകം പറയേണ്ടതായിട്ടില്ല; കൂടുതലായി പറയണമെന്നും വിചാരിക്കുന്നില്ല.

PRESIDENT : The honourable member has two minutes more.

MR. P. M. VARUGHESE : കൂലിക്കാരുടെ ശമ്പളം കുറഞ്ഞുവരുന്ന അവസരത്തിൽമാത്രം നമുക്കാവശ്യമുള്ള വൻജോലികൾ നടത്താമെന്നുള്ള ഉദ്ദേശത്തോടുകൂടി വലിയ സംഖ്യകൾ മാറിവയ്ക്കുന്നതിനെപ്പറ്റി റിപ്പോർട്ടിൽ പറഞ്ഞുകാണുന്ന ആ നയത്തെ ഞാൻ കഠിനമായി പ്രതിഷേധിക്കയാണു ചെയ്യുന്നതു്. ഇന്നു് യുദ്ധപരിതഃസ്ഥിതിമൂലം കൂലിക്കാർ പലതരത്തിൽ ക്ലേശങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു ഘട്ടമാണു്. ഇത്തരം ഘട്ടങ്ങളിൽ അവർക്കു കുഴിവുള്ളതു ജോലി കൊടുത്തു് അവരെ സഹായിക്കേണ്ട കടമ ഗവണ്മെൻറിനുണ്ടു്. അതിനു പകരം കൂലി കുറയുന്ന ഘട്ടത്തിൽ ജോലികൾ നിർവഹിച്ചുകൊള്ളാമെന്നു കരുതി വലിയ സംഖ്യകൾ മാറി വയ്ക്കുന്നതു് ഒരിക്കലും നീതീകരിക്കുവാൻ കഴിയുന്നതല്ല. കൂലി വർദ്ധിച്ചിട്ടുണ്ടെങ്കിൽ വർദ്ധിച്ച തോതിൽ കൂലികൊടുത്തു് പാവപ്പെട്ടവർക്കു ജോലി ഉണ്ടാക്കിക്കൊടുക്കേണ്ടതാണെന്നാണു് എന്റെ അഭിപ്രായം. തൊഴിലാളികളെ തീറ്റിപ്പോറ്റുന്നതിനുള്ള ചുമതല ഗവണ്മെൻറു് ഏറ്റെടുക്കുന്നില്ല എന്നല്ലേ ഇതിന്റെ അർത്ഥം? ഇപ്പോൾ ഒരുകോടിയിൽ ചില്വാനം രൂപ പലിശയ്ക്കു കൊടുക്കുന്നതിനായി ഗവണ്മെൻറു നീക്കിവച്ചിരിക്കുന്നു. ആ സംഖ്യയും പി. ഡബ്ലിയു. വകുപ്പിൽ ഗതാഗതസൗകര്യങ്ങൾക്കായി നീക്കിവച്ചിട്ടുള്ള സംഖ്യയും ഒന്നാകെ എടുത്തു് കൂലിക്കാർക്കു ജോലി ഉണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ടി ചെലവാക്കണമെന്നാണു് എനിക്കു് അവസാനമായി ഗവണ്മെൻറിനോടു് അഭ്യർത്ഥിക്കുവാനുള്ളതു്.

RAO SAHIB A. K. BHASKAR : സർ, അങ്ങു് ദിവാൻജിയായി ഭരണം തുടങ്ങിയതിനുശേഷം ഉള്ള ഈ പത്തു വർഷത്തിനിടയിൽ രണ്ടു കോടിയായിരുന്ന മുതലെടുപ്പു് വു കോടിവരെ ആയതിരിക്കുന്നു എന്നുള്ളതു ചാരിതാർത്ഥ്യജനകം തന്നെ. ഒരു മിച്ചമുള്ള ബഡ്ജറു് അവതരി

LIBRARY ARCHIVES Kerala Legislative Assembly

പ്പിച്ചതിൽ ഫിനാൻഷ്യൽസെക്രട്ടറിയും അഭിനന്ദനാർഹനാണ്. എന്നാൽ പണ്ടു കൊല്ലത്തിനിടയിൽ ഇതു വമ്പിച്ച ഒരു റവന്യൂ ഉണ്ടാക്കിയിട്ടുള്ളതു റഷ്യ മാത്രമാണെന്നു പ്രസിഡൻറ് അവർകൾ നമ്മെ ധരിപ്പിച്ചു. പണ്ടു കൊല്ലംകൊണ്ടു പുരോഗമിച്ചിട്ടുള്ള റഷ്യയുടെ നില നമ്മുടേതിൽനിന്നും വളരെ ഭിന്നമാണ്. അവിടത്തെ ജനങ്ങളുടെ ജീവിതത്തോതു വളരെ ഉയർന്നിട്ടുണ്ട്. ഭക്ഷണത്തിനാണെങ്കിൽ ദാരിദ്ര്യം ഇല്ല. സ്വയംപര്യാപ്തത വന്നിട്ടുണ്ട്. ജനങ്ങൾക്കാണെങ്കിൽ തൊഴിലുണ്ട്. ഒന്നിനും മറ്റാരേയും അവർക്കു ആശ്രയിക്കേണ്ടതില്ല. എന്നാൽ നമ്മുടെ രാജ്യം ഒരു കർഷകരാജ്യമാണെന്നു പറഞ്ഞുവരുന്നു. എങ്കിലും കഴിഞ്ഞ അഞ്ചാറു കൊല്ലങ്ങളായി ഭക്ഷണസാധനങ്ങൾക്കു ക്ലേശങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന നാം യാതൊരു തരത്തിലും ഭക്ഷ്യധാന്യഉൽപ്പാദനത്തെ അഭിവൃദ്ധിപ്പെടുത്തിയിട്ടില്ല. ഈ അനാസ്ഥയ്ക്കു ഇവിടത്തെ കൃഷിക്കാർമാത്രം ഉത്തരവാദികളല്ല. കൃഷിക്കാക്കു വേണ്ടുന്ന സമയത്തു കാർഷികോപകരണങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്ന കാര്യത്തിൽ നമ്മുടെ ഗവണ്മെൻറ് അലസമനോഭാവം ആണു സ്വീകരിച്ചിട്ടുള്ളതു്. കമ്പോളങ്ങളിൽ സുലഭമായി കിട്ടിവന്നിരുന്ന തുമ്പകളും കലപ്പകളും പോലും ഈ സമീപകാലത്തു് അവക്കു ലഭിക്കുവാൻ പ്രയാസമായിത്തീർന്നിട്ടുണ്ട്. കൃഷി അഭിവൃദ്ധിപ്പെടുത്തണമെന്നു ഗവണ്മെൻറിനു യഥാർത്ഥമായ അഭിവാഞ്ഛയുണ്ടായിരുന്നെങ്കിൽ വളം, കാള, വിത്തുവർഗ്ഗം മുതലായവ സമയാസമയങ്ങളിൽ കൊടുക്കുമായിരുന്നു. എനിക്കും ഭക്ഷണസാധനങ്ങളുടെ ബുദ്ധിമുട്ടു് അനുഭവിക്കാൻ ഇടവന്നിട്ടുള്ളതുകൊണ്ടു് ഇടയിടെ ഒരു കൃഷിക്കാരനായിചിലതു പ്രവർത്തിക്കുവാൻ ആഗ്രഹിച്ചു. കൃഷിചെയ്യുന്നതിനു വേണ്ട ഒത്താശകളും ചില സൗജന്യങ്ങളും ഗവണ്മെൻറിൽനിന്നും ലഭിക്കുമെന്നു കരുതി ഞാൻ ഡിപ്പാർട്ടുമെൻറ് അദ്ധ്യക്ഷനോടു് എനിക്കു സൗജന്യവിലയ്ക്കു കുറെ വളം തരണമെന്നാവശ്യപ്പെട്ടു. എൻറെ അപേക്ഷ ഡിപ്പാർട്ടുമെൻറ് അദ്ധ്യക്ഷൻ കീഴാട്ടു അയച്ചിരിക്കുന്നതായി അറിയിച്ചതല്ലാതെ ഇന്നുവരെ എനിക്കു വളം കിട്ടിയിട്ടില്ല.

MR. P. K. KURIAKOSE : അതുകൊണ്ടു് ഇനിമേൽ കൃഷിക്കാരൻ എന്നുള്ള നിലയിൽ പ്രവർത്തിക്കുമെന്നു മെമ്പർ വിചാരിക്കുന്നുണ്ടോ?

RAO SAHIB A. K. BHASKAR : ഇല്ല. ഭക്ഷണസാധനങ്ങളുടെ ദുർഭിക്ഷം ഇപ്പോഴും ഉള്ള നിലയ്ക്കു വേറെ ഏതെങ്കിലും വിധത്തിൽ വളം സമ്പാദിച്ചെങ്കിലും കൃഷിനടത്തുമെന്നതന്നെയാണ് വിചാരിക്കുന്നതു്.

MR. P. S. MOHAMAD ; വളം ഇല്ലാത്തവക്കു വളം കൊടുത്തുകൊള്ളാമെന്നു ഗവണ്മെൻറ് പറഞ്ഞിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

RAO SAHIB A. K. BHASKAR : ഉണ്ട്. പറഞ്ഞിട്ടുണ്ട്. കർഷകക്കും സ്വന്തമായി കൃഷിചെയ്യുവാൻ ആഗ്രഹിച്ചു മുന്നോട്ടുവരുന്ന അളുകൾക്കും ഇതാണ് അനുഭവമെങ്കിൽ ഇവിടെ കൃഷി അഭിവൃദ്ധിപ്പെട്ടുവെന്നു വരുന്നതല്ല. ഞാൻ ആണെങ്കിൽ ഒരു നിയമസഭാസാമാജികൻ. എന്റെ അനുഭവമിതാണെങ്കിൽ മറ്റു പാവപ്പെട്ട കർഷകരുടെ അവസ്ഥ എന്തായിരിക്കുമെന്നു ഞാൻ ചോദിക്കുന്നു. പാവപ്പെട്ട കർഷകരുടെ, ഉദ്യോഗസ്ഥന്മാരെ യാതൊരുവിധത്തിലും സമീപിക്കുവാൻ നിർവാഹമില്ലാത്തവരാണ്.

എന്നാൽ റഷ്യയെ ഒരു കാര്യത്തിൽ നമ്മുടെ ഗവണ്മെൻറ് അനുകരിച്ചിട്ടുണ്ട്, അതായതു് സ്റ്റോറിന്റെ ഡ്യൂട്ടിയിലൊന്നാണ് വിദ്യാഭ്യാസം ഏറെറടുത്തു നടത്തുക എന്ന തത്വം. ഇവിടത്തെ നിയമസഭയുടെ ഭൂരിപക്ഷതീരുമാനം അനുസരിച്ചു് പ്രാഥമികവിദ്യാഭ്യാസം സാർവ്വത്രികവും നിർബന്ധിതവും ആക്കണമെന്നു ഗവണ്മെൻറ് തീരുമാനിച്ചതു് ഏറെറവും സ്തുത്യർഹം തന്നെ. ആ പദ്ധതി നടപ്പിൽ വരുത്തുവാൻ ഗവണ്മെൻറിനെ പ്രേരിപ്പിച്ചതിൽ ചിലർ ചില സമുദായങ്ങളെ വൃഥാ പഴിക്കുന്നുണ്ട്. വിദ്യാഭ്യാസവിഷയത്തിൽ ഈഴവർ മുതലായ സമുദായങ്ങൾക്കു മറ്റു സമുദായങ്ങൾക്കു നൽകിയതുപോലെയുള്ള ചില സൗകര്യങ്ങൾ സർക്കാരിൽനിന്നും ലഭിക്കാതിരുന്ന ഒരു കാലത്തു് അവർ ക്രിസ്ത്യൻ മിഷ്യനറിമാർ നൽകിയ വിദ്യാഭ്യാസത്തെ ആശ്രയിക്കേണ്ടിവന്നിട്ടുണ്ട്. എന്നു് ഇരുന്നാലും അന്നു് അവർ നൽകിയ ആ സൗകര്യങ്ങൾക്കായി ഒരു സമുദായം, അല്ലെങ്കിൽ സമുദായങ്ങൾ, എന്നെന്നും അവർക്കു വിധേയരായിക്കൊള്ളണമെന്നു് അഭിലഷിക്കപ്പെടാവുന്നതല്ല. അങ്ങനെ ഒരാശയം ആരിൽനിന്നും മേലാലെങ്കിലും ഉന്നയിക്കപ്പെടാതിരിക്കാൻ കൂടിയാണ് വിദ്യാഭ്യാസം സാർവത്രികമാക്കണമെന്നും നിർബന്ധിതമാക്കണമെന്നും ഗവണ്മെൻറിനെ ഉൽബോധിപ്പിക്കുവാൻ ഞങ്ങളെപ്പോലെയുള്ളവരെ പ്രേരിപ്പിച്ചിട്ടുള്ളതു്. അയുക്തിപോലെതന്നെയാണ്, ഇന്നു് ഗവണ്മെൻറിന്റെ വിദ്യാഭ്യാസനയത്തിൽ പ്രതിഷേധിക്കുന്ന ആളുകളുമായുള്ള ഒത്തുതീർപ്പിന്റെ കാര്യവും. ഒരു ഒത്തുതീർപ്പിനു ഇവിടത്തെ ഗവണ്മെൻറ് സന്നദ്ധമാണെന്നു് ദിവാൻപ്രസിഡൻറ് അവർകൾ പറഞ്ഞതിനുശേഷവും ഗവണ്മെൻറിനെ ചിലർ വെല്ലുവിളിക്കുന്നതും, ഭീഷണിപ്പെടുത്തുന്നതും എന്തുകൊണ്ടാണെന്നു എത്ര ആലോചിച്ചിട്ടും എനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല.

MR. CHAZHIKATTU JOSEPH : ഇക്കാര്യത്തിൽ ഒരു ഒത്തുതീർപ്പുണ്ടാകാൻ പാടില്ലെന്നാണോ മെമ്പറിന്റെ അഭിപ്രായം ?

LIBRARY ARCHIVES Kerala Legislative Assembly

RAO SAHIB A. K. BHASKAR : അല്ല. ഒരു ഒത്തുതീർപ്പിനു സാധ്യതയുണ്ടെന്നു പറഞ്ഞിട്ടും രാജ്യത്തു സമാധാനമുണ്ടാകരുതെന്നുള്ള മനഃപൂർവ ഉദ്ദേശത്തോടുകൂടി ഒരു ക്ലർക്ക് ഇപ്പോഴും ... ...

MR. CHAZHIKATTU JOSEPH : രാജ്യത്തു സമാധാനം ഉണ്ടായാൽ എന്തെങ്കിലും കുഴപ്പമുണ്ടാകുമെന്നു മെമ്പർ വിചാരിക്കുന്നുണ്ടോ ?

RAO SAHIB A. K. BHASKAR : അങ്ങിനെ വിചാരിക്കുന്നവർ ഈ രാജ്യത്തുണ്ടെന്നു ഇപ്പോഴത്തെ പ്രക്ഷോഭണത്തിന്റെ സ്വഭാവം കാണുമ്പോൾ തോന്നിപ്പോകുന്നുണ്ട്.

MR. CHAZHIKATTU JOSEPH : അങ്ങിനെ വിചാരിക്കുന്നവരിൽ ആരെങ്കിലും ഒരാളിന്റെ പേരു പറയാമോ ?

RAO SAHIB A. K. BHASKAR : രാജ്യത്തു സമാധാനം ഉണ്ടാകരുതെന്നു വിചാരിക്കുന്നവരും പ്രക്ഷോഭണം നടത്തുന്നതിൽമാത്രം ഔത്സുക്യം കാണിക്കുന്നവരും ആയ അനേകംപേർ ഈ രാജ്യത്തുണ്ട്.

MR. CHAZHIKATTU JOSEPH : ഇങ്ങനെ ഔത്സുക്യം കാണിക്കുന്നവർ ആരെന്നു പറയാമോ ?

RAO SAHIB A. K. BHASKAR : ആരാണോ ഔത്സുക്യം കാണിക്കുന്നതു അവർ തന്നെയാണ്.

MR. CHAZHIKATTU JOSEPH : അവരുടെ പേരു പറയാമോ ?

RAO SAHIB A. K. BHASKAR : I am not yielding my place.

സർ, അങ്ങു മുതലാളിമാരോടായിട്ടു പറഞ്ഞു, നിങ്ങൾക്കു കിട്ടുന്ന ആദായത്തിന്റെ ഒരു പങ്ക് തൊഴിലാളികൾക്കുകൂടി വീതിച്ചുകൊടുക്കണമെന്ന്. ഇതു ആശ്വാസപ്രദമായ മറ്റൊരുസംഗതി കേൾക്കാനില്ല. എന്നാൽ ഇതേസംബന്ധിച്ചു എനിക്കൊരുസംഗതി പറയാനുണ്ട്. ഇന്നു ഈ ഗവണ്മെൻറുതന്നെ ഒരു വലിയ മുതലാളിയാണ്. ഈ ഗവണ്മെൻറിനു ഇപ്പോൾ വമ്പിച്ച ഒരു മിച്ചമുണ്ട്. ആ നിലക്ക് സർക്കാരിന്റെ കീഴ്ജീവനക്കാരുടെ ജീവിതത്തോടു പര്യാപ്തമായ നിലയിൽ ഉയർത്താതെ അവരെ പട്ടിണിയിട്ടുകൊണ്ടു മിച്ചം വയ്ക്കുന്നതു നീതിയല്ല. ഉദാഹരണമായി ഞങ്ങൾ ഡിപ്പാർട്ടുമെൻറിലെ അസ്സൽമാൻ, റണ്ണർ, ഇവരെയും, സാധുക്കളായ തോട്ടികളേയും എടുക്കാം. പോസ്റ്റാഫീസ്സിലെ ഒരു പോസ്റ്റുമാനു ഉടുപ്പിനു, തലപ്പാവിനും മറ്റുമുള്ള ചെലവു കഴിച്ചു ... ... രൂപാ പ്രതിമാസം ശമ്പളം കിട്ടുമ്പോൾ വെറും ... ... രൂപാ മാത്രമാണ് ഒരു അസ്സൽമാനു കിട്ടുന്നതു്. ഈ ... രൂപാ കിട്ടുന്നു എന്നു പറയുന്നതുതന്നെ,

LIBRARY ARCHIVES Kerala Legislative Assembly

[Rao Sahib A. K. Bhaskar]

ഒരു മനുഷ്യന്റെ ജീവിതത്തിലെ ൨൫-ം, ൫൦-ം കൊല്ലം ചെലവാക്കിയതിനു ശേഷമാണ്. സാധാരണ അഞ്ചൽമാൻമാർ പോസ്റ്റൽ ഉദ്യോഗസ്ഥന്മാരെപ്പോലെ അല്ല. പോസ്റ്റൽ ഡിപ്പാർട്ടുമെന്റു ജീവനക്കാക്കുട്ടെ ദിവസം ൮ മണിക്കൂറിൽ കൂടുതൽ ജോലിചെയ്യേണ്ട ആവശ്യമില്ല. തിരുവിതാംകൂറിലെ അഞ്ചൽഡിപ്പാർട്ടുമെന്റിലാണെങ്കിൽ രാപകൽ ജോലിചെയ്യുന്ന സമ്പ്രദായമാണുള്ളതു്. കൊല്ലം അഞ്ചലാഫീസിലും കൊട്ടാരക്കര അഞ്ചലാഫീസിലും രാത്രിയും അഞ്ചൽമാൻമാർ ജോലിചെയ്യുന്നതായി കാണാം. ആ സാധുക്കൾക്കാകട്ടെ ഓവർടൈം അലവൻസുപോലും കൊടുക്കുന്നില്ല. മറ്റു മുതലാളിമാരോടു ആളായം വീതിച്ചുകൊടുക്കണമെന്നു തത്പരം സ്വീകരിക്കണമെന്നു പറയുന്ന ഗവണ്മെന്റു ഇവരുടെ ശമ്പളത്തോതു ഉയർത്തി ജീവിക്കാൻ ഉതകത്തക്ക ശമ്പളം കൊടുക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

സർ, ഇവിടത്തെ വ്യവസായ പദ്ധതികളെ സംബന്ധിച്ചാണെങ്കിൽ അവയെ സ്വാഗതംചെയ്യുന്ന ഒരുവനാണ് ഞാൻ. എന്നാൽ ഒരു വ്യവസായ സ്ഥാപനം തുടങ്ങുകയാണെങ്കിൽ കമ്പനി ഉണ്ടാക്കിയാൽ അതിനെ ഭരിച്ചുകൊണ്ടുപോകുന്നതിനു വിദേശികളെ വരുത്തുന്നതായിട്ടാണു കാണുന്നതു്. കമ്പനികൾ ഉണ്ടാക്കുന്നതിനു മുമ്പു അവ ഈ രാജ്യത്തിന്റെ അഭിവൃദ്ധിക്കായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെങ്കിൽ ഈ രാജ്യത്തുള്ള ആളുകളെത്തന്നെ ക്ഷണിച്ചുവരുത്തി അവർക്കു് വേണ്ട പ്രോത്സാഹനം കൊടുക്കേണ്ടതാണു്. എന്നാൽ ഇവിടെ കിട്ടാത്തപക്ഷം ജർമ്മനിയിൽനിന്നോ, അമേരിക്കയിൽനിന്നോ, ഇംഗ്ലണ്ടിൽനിന്നോ ടെക്നിക്കൽ വിദഗ്ദ്ധന്മാരെ വരുത്തി സാങ്കേതികോപദേശങ്ങൾ സ്വീകരിക്കുന്നതു നല്ലതാണു്. എന്നാൽ ഈ രാജ്യത്തിന്റെ നന്മയ്ക്കും വ്യവസായത്തിന്റെ അഭിവൃദ്ധിക്കുംവേണ്ടി പ്രാപ്തിയുള്ളവരായ ആളുകൾ നമ്മുടെ നാട്ടിൽതന്നെ ഉണ്ടാകണമെന്നാഗ്രഹിക്കുന്നപക്ഷം ഈമാതിരി സ്ഥാപനങ്ങളുടെ മാനേജുമെന്റുകൾ തിരുവിതാംകൂറുകാക്കുതന്നെ ആയിരിക്കണം എന്നു ഞാൻ നിർദ്ദേശിക്കുന്നു.

സർ, industry nationalize ചെയ്യണമെന്നു വളരെ നാളായി ജനങ്ങൾ മുറവിളികൂട്ടുന്നുണ്ടു്. യാതൊരാൾക്കും ഉപദ്രവമില്ലാതെ അഭിവൃദ്ധിപ്പെടുത്താവുന്ന ഏറ്റവും വലിയ ഒരു വ്യവസായമാണു്. ഉപ്പു് നാം ഇന്നു ഉപയോഗിക്കുന്ന ഉപ്പാകട്ടെ മനുഷ്യർക്കു് ഉപയോഗിക്കാൻ കൊള്ളുതാത്തതാണെന്നു നമ്മുടെ യൂണിവേഴ്സിറ്റിയിലെ ഗവേഷണ വിദഗ്ദ്ധനായ ഡാക്ടർ മുഡ്ഗിൽ പ്രസിദ്ധംചെയ്ത ഒരു ലേഖനത്തിൽ പറയുന്നു. അതിൽനിന്നു ഞാൻ ഇവിടെ ചിലതു ഉദ്ധരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

"With the co-operation extended by the excise Department and by some of the more enterprising licensees, it has been amply demonstrated that a very much purer variety of salt can be obtained in the field without diminution in the yield. Yet the average manufacturer is conservative. Unless it is made obligatory for him to produce the finest possible quality of salt, he is content to make his profits on the quality which he is able to produce by the usual methods."

എന്തായാലും ശരി ഇന്ന ഉപയോഗിക്കുന്ന ഉപ്പ് ഗുണത്തിലും തരത്തിലും വളരെ മോശമാണ്.

SAHIB BAHADUR K. A. MOHAMED : മെമ്പർ ഇതു് എവിടെനിന്നാണ വായിച്ചതെന്ന് പറയാമോ ?

RAO SAHIB A. K. BHASKAR : ഇന്നലത്തെ ഇൻഡ്യൻ തിങ്കറിൽ ഇംഗ്ലീഷിലും ഇന്നത്തെ കേരളകൗമുദിയിൽ മലയാളത്തിലും ഉണ്ട്. തിരുവിതാംകൂറിലെ ഉപ്പു ഫാക്ടറികളിൽ മറേറതു സ്ഥലങ്ങളിലേയുംകാൾ കൂലി കുറച്ചു കൊടുക്കുന്ന ഒരു സമ്പ്രദായമാണുള്ളതു്. ഈ വ്യവസായം ഗവണ്മെൻറു നേരിട്ടു നടത്തുന്നതായാൽ പലവിധത്തിലും പ്രയോജനകരമായിരിക്കും. എക്സൈസ്സു് ഡിപ്പാർട്ടുമെൻറിനു ഈ വ്യവസായം സംബന്ധിച്ചു കിട്ടിയിട്ടുള്ള വളരെക്കാലത്തെ പരിചയംകൊണ്ടു് നോക്കിയാലും ഗവണ്മെൻറു ആദ്യമായി ഏറെറടുക്കുന്നതുകൊണ്ടു് ഒരു വ്യവസായമാണിതു. ഉപ്പു എല്ലാപേക്ഷം അത്യന്താപേക്ഷിതമാണ്. പ്രൈവറു് ഏജൻസികളെ പ്രോൽസാഹിപ്പിക്കാതെ ഗവണ്മെൻറുതന്നെ ഇതു നടത്തുന്നതു രാജ്യത്തിനും ജനങ്ങൾക്കും ഒരുപോലെ ഗുണപ്രദമായിരിക്കും.

MR. V S. KRISHNA PILLAI : Will the honourable member desire the planting industry also to be industrialised ?

RAO SAHIB A. K. BHASKAR : മാറുള്ള വ്യവസായങ്ങളെക്കാൾ nationalisation മുൻഗണന നൽകേണ്ടതു ഉപ്പുവ്യവസായത്തിനാണ്. ഈ ഉപ്പുവ്യവസായം ഗവണ്മെൻറു നേരിട്ടു ഏറെറടുത്തിട്ടുള്ളതിലും തരത്തിലും ജനങ്ങൾക്കു ഉപയോഗിക്കാൻ തക്കവണ്ണം കൊടുക്കുന്നു എന്നുള്ളതാണ് ആദ്യമായി ചെയ്യേണ്ടതു്. തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ഈ രാജ്യത്തെ ഒരു വ്യവസായവും വളരെ മുമ്പോട്ടുപോയിട്ടില്ല. ഇവിടത്തെ പ്രധാന വ്യവസായം കയറുവ്യവസായമാണ്. അതിനു വളരെ യൂറോപ്യൻ വ്യവസായികളോടു മൽസരിക്കേണ്ടിയിരിക്കുന്നതിനാൽ നാട്ടുകാക്കു വളരെ പ്രയോജനം ഉണ്ടാകുന്നില്ല. ഈ സമീപകാലത്തു യൂറോപ്പിനിന്നതം ചിലക്ക് കുറേ പണം കിട്ടിയിട്ടുണ്ടെന്നു

LIBRARY ARCHIVES Kerala Legislative Assembly

[Rao Sahib A. K. Bhaskar]

സമ്മതിക്കാം. ഇന്നും ബൈയിലിംഗ് ബിസിനസ്സ് ഒരു തിരുവിതാംകൂറുകാരനും തിരുവിതാംകൂറുകാരാൽ നടത്തപ്പെടുന്ന ഒരു കമ്പനിക്കും നടത്താൻ സാധിച്ചിട്ടില്ല. ഒരു ബൈയിലിംഗ് പ്രസ്സു സ്വന്തമായിട്ടില്ലാത്തതാണു പ്രധാന കാരണം. അഥവാ ഉണ്ടായാൽത്തന്നെയും വിദേശി മാക്കറിൽ നമുക്കു വിദേശികളോടു മൽസരിച്ചു ആദായകരമായ വിധത്തിൽ നടത്താൻ നിവർത്തിയില്ലാതായിത്തീർന്നിട്ടുണ്ടു് ഈ വ്യവസായം നമ്മുടെ അഭിവൃദ്ധിക്കുവേണ്ടി നിലകൊള്ളുന്ന സ്ഥിതിക്കു അതിന്റെ മുഴുവൻ പ്രയോജനവും നമുക്കു സിദ്ധിക്കുന്നതിൽ ഇന്നു കാണുന്ന പ്രതിബന്ധങ്ങൾ നീക്കിയേ തീരു. അതിനായി ഗവണ്മെൻറു ഫലപ്രദമായി സഹായിക്കണം. അതായതു് ബൈയിലിംഗ് പ്രസ്സു ഉണ്ടാക്കിയും മറും വ്യവസായാഭിവൃദ്ധിക്കു അനുകൂലമായ സാഹചര്യം ഗവണ്മെൻറു മുൻകൈയെടുത്തു സൃഷ്ടിക്കണം.

അതുപോലെതന്നെ കശുഅണ്ടിവ്യവസായം വളരെ അധഃപതിച്ചുപോയി. ഗവണ്മെൻറ് ഇതിൽ ഇടപെടാത്തപക്ഷം ഈ വ്യവസായം ഈ രാജ്യത്തിനു നഷ്ടപ്പെടുന്നതാണു്. കഴിഞ്ഞകൊല്ലം വരെ സെൻറിനു അമേരിക്കൻ മാക്കറിൽ വിറ്റ കശുഅണ്ടി ഇപ്പോൾ 60 സെൻറിനു വിൽക്കാൻ തയ്യാറാണെന്നു ചില എക്സ്പോർട്ടേഴ്സ് കേബിൾചെയ്തിട്ടുള്ളതായി കേൾക്കുന്നു. പ്രത്യക്ഷത്തിൽക്കാണുന്ന ഈ വമ്പിച്ച നഷ്ടം നിമിത്തം ഇന്നു എട്ടും, പത്തും ലക്ഷം രൂപാ ആദായനികുതി തന്നുകൊണ്ടിരിക്കാറുള്ള വ്യവസായപ്രമുഖന്മാരിൽ പലരും ബാങ്കുകാരുടെ ഞെരുക്കിൽപ്പെട്ടു വിഷമിക്കുന്നു. ഇതുനിലയിൽ ഈ രണ്ടു വ്യവസായങ്ങളും പോയാൽ തിരുവിതാംകൂറുകാരായ നമ്മുടെ ഭാവി എന്താണു്?

PRESIDENT : Order, order. Does the honourable member mean that even after the export restictions are removed, the situation remains the same?

RAO SAHIB A. K. BHASKAR : യഥാർത്ഥം പറഞ്ഞാൽ export restriction remove ചെയ്തതു കൂടുതൽ വിഷമകരമായിട്ടാണു് തീർന്നിരിക്കുന്നതു്. ഈ വ്യവസായം ഇത്ര അധഃപ്പെതിക്കാനുള്ള കാരണം ആവശ്യത്തിലധികം കശുഅണ്ടിശാലകളും ഉണ്ടായി വ്യാപാരമത്സരം വർദ്ധിച്ചു അമേരിക്കൻ മാക്കറുകളിൽ വില കുറഞ്ഞുപോയതാണു് ഗവണ്മെൻറു ഇടപ്പെട്ടു ആർഗനൈസ് ചെയ്തു ഈ വ്യവസായം അഭിവൃദ്ധിപ്പെടുത്തണമെന്നു ഞാൻ ശുപാർശചെയ്യുന്നു.

SAHIB BAHADUR K. A. MOHAMED : കശുഅണ്ടി അന്യസ്ഥലങ്ങളിൽ നിന്നും തിരുവിതാംകൂറിൽ കൊണ്ടുവരുന്നുണ്ടോ?

RAO SAHIB A. K. BHASKAR : ഉണ്ടു്. മംഗലാപുരത്തു നിന്നും അസ്സാമിൽനിന്നും, ആന്ധ്രദേശത്തുനിന്നും ഈസ്റ്റാഫ്രിക്കയിൽനിന്നും മറും

LIBRARY ARCHIVES Kerala Legislative Assembly

കശുഅണ്ടി ഇവിടെ ഇറക്കുമതിചെയ്ത് ഇവിടത്തെ അനേകായിരം ആളുകൾക്ക് തൊഴിൽ കൊടുക്കുന്നുണ്ട്. കശുഅണ്ടി വ്യവസായത്തിന്റെ സ്ഥിതി സുരക്ഷിതമായിരുന്ന ഘട്ടത്തിൽ വലിയ തുകകൾ വ്യവസായികൾക്കു കടംകൊടുക്കുന്ന ബാങ്കുകാർ ഇന്നത്തെ ഈ ദുസ്ഥിതികണ്ട് സംഭ്രാന്തരായിരിക്കുകയാണ്. ഇതിനെ സംബന്ധിച്ച് പറഞ്ഞാൽ രണ്ടുമൂന്നു ദിവസമായി ബാങ്കുകാരിൽ പലർക്കും സംഭ്രമം തുടങ്ങിയിരിക്കുകയാണ്. ഓരോരുത്തരേയും പറഞ്ഞയയ്ക്കുന്ന സ്ഥിതികൾ അറിയുന്നതിനു അവർ തിടുക്കം കാണിക്കുന്നു.

അടുത്തതായി എനിക്കു പറയാനുള്ളത് കൈത്തറി നെയ്ത്തിനെപ്പറ്റിയാണ്. അത് ഇവിടെ പുരാതനമായിട്ടുള്ള ഒരു തൊഴിലാണ്. അതുകൊണ്ട് വളരെ കുടുംബങ്ങൾ ജീവിക്കുന്ന ഒരു കുടുംബം എന്നു പറഞ്ഞാൽ ആണും പെണ്ണും കൂടെ ആ തൊഴിലിൽ ഉൾപ്പെട്ട ജീവിക്കുന്നവരാണ്. അവരേക്കാൾ നൂൽ കിട്ടുന്നതിനുള്ള പ്രയോറിറ്റി വിദേശത്തുനിന്നും ഈയ്യിടെ ഇവിടെ വന്ന ഫാക്ടറി സ്ഥാപിച്ചിട്ടുള്ള മാർവാടികൾക്കും നാട്ടുകോട്ടച്ചെട്ടിയാരന്മാർക്കും കൊടുക്കുന്നതായി പരാതിയുണ്ട്.

SAHIB BAHADUR K. A. MOHAMED: അങ്ങനെ ആരെങ്കിലും കൊടുത്തിട്ടുള്ളതായി മെമ്പറിനറിയാമോ?

RAI SAHIB A K. BHASKAR: പരാതി ഉണ്ടെന്നു ഞാൻ പറയുമ്പോൾ അന്വേഷണം നടത്തിയിട്ടാണ് പറയുന്നത്. എന്റെ മുമതല ബോധ്യം എനിക്കു നല്ലവണ്ണം അറിയാം.

അതുകൊണ്ടു കൈത്തറിനെയ്ത്തു് അഭിവൃദ്ധിപ്പെടുത്തണമെന്നു ആഗ്രഹമുണ്ടെങ്കിൽ അതിൽ ഏർപ്പെട്ടിരിക്കുന്ന കുടിൽവ്യവസായികൾക്കു നൂൽ വിതരണംചെയ്യുന്നതിന് മുൻഗണന കൊടുക്കണമെന്നു ഞാൻ ഗവർണ്മെന്റിനോടു ശുപാർശചെയ്യുന്നു.

MR. P. KARUNAKARA THANDAR: സർ, ഒരുകോടിയിൽ പരം രൂപാ മിച്ചം വരുമെന്നു പ്രതീക്ഷിക്കുന്ന ഒരു ബഡ്ജറാണു് ഇവിടെ ഫിനാൻഷ്യൽ സെക്രട്ടറി അവതരിപ്പിച്ചിരിക്കുന്നതു്. സാധനങ്ങളുടെ വിലകുറയാറാവുമ്പോൾ ഇതേരീതിയിൽ തുടർന്നുപോകുമെന്നുള്ള വിശ്വാസം അനുവേമായിത്തീരുമെങ്കിലും, ഫിനാഷ്യൽ സെക്രട്ടറിയുടെ ഈ ബഡ്ജറു് അഭിനന്ദനാർഹമാണ്. കയറു്, കശുഅണ്ടി, മുതലായ സാധനങ്ങളുടെ വിലക്കുറവു് ഇപ്പോൾതന്നെ ഭാരമായി നമ്മെ ബാധിച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Karunakara Thandar]

ഈ നില തുടർന്നു പോകുകയാണെങ്കിൽ ജനങ്ങളുടെ സാമ്പത്തികനില വ്യത്യാസപ്പെടുകയും, നമ്മുടെ വിശ്വാസം സ്വപ്നത്തിൽ കലാശിക്കുകയും ചെയ്യുന്നവന്നേക്കാം. ഏതായാലും നീക്കിവച്ചിരിക്കുന്നതും, ഗ്രാമോദ്ധാരണത്തിനും യുദ്ധാനന്തരപുനരുദ്ധാരണത്തിനും ചെലവിടുമെന്നു പ്രതിപാദിക്കുന്നതുമായ അതാതു സ്ഥലങ്ങളിലെ പ്രാദേശിക കമ്മറിക്കാരുമായി ആലോചിച്ചു, ജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കി ചെയ്തുകൊള്ളുമെന്നതു് അഞ്ചുകൊല്ലമായി കുറച്ചു പ്രവർത്തിക്കുന്നതു ഗുണകരമായിരിക്കും. മറുനാട്ടുരാജ്യങ്ങളിൽ എങ്ങും ഇതേവരെ ഉണ്ടായിട്ടില്ലാത്ത ലേബർഡിപ്പാർട്ടുമെൻറു ഇവിടെ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ളതിൽ ഞാൻ സന്തോഷിക്കുന്നു. ഏറെക്കുറെ തൊഴിലാളി നിയമങ്ങളും നാം ഉണ്ടാക്കിയിട്ടുണ്ടെന്നും, പോരാത്തവ നമ്മുടെ ആലോചനയിൽ ഇരിക്കുന്നു എന്നതും അഭിനന്ദനാർഹമാണു്. എന്നാൽ പ്രയോഗത്തിൽ ഈവക പരിഷ്കാരങ്ങളും ആശിച്ച ഫലം ചെയ്യുന്നില്ല. സ്ട്രൈക്കുകളും ലാക്കൗട്ടുകളും ഇന്നു സർവ്വസാധാരണമായിരിക്കുന്നു. തങ്ങൾക്കു കിട്ടുന്ന ആദായത്തിന്റെ ഒരുഭാഗം തൊഴിലാളികൾക്കായി മാറിവയ്ക്കുന്നതിൽ മുതലാളിമാർ കാണിക്കുന്ന വിമുഖതയും, ഒട്ടും തക്കമുണ്ടാവിച്ചാലും പരിഹാരത്തിനു മറു മാർഗ്ഗങ്ങൾ ആരായുന്നതിനു മുമ്പുതന്നെ പണിമുടക്കായുധം പ്രയോഗിക്കുന്നതിൽ തൊഴിലാളികൾ കാണിക്കുന്ന നിർബന്ധവും ഇവിടെത്തെ തൊഴിലാളി മുതലാളി ബന്ധത്തിന് വലിയ ഉലച്ചിൽ ഉണ്ടാക്കിയിരിക്കുന്നു. ഓരോ വ്യവസായ കേന്ദ്രത്തിലും ഓരോ ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മറിയെ നിയമിച്ചു പ്രവർത്തിപ്പിക്കുന്നതു് ഇത്തരം കുഴപ്പങ്ങളുടെ പരിഹാരത്തിന് വളരെ സഹായമായിരിക്കും.

